# ന്യായാധിപന്മാർ

ജോഷയുടെ പുസ്തകത്തിലെ സംഭവങ്ങൾ ഏകദേശം 50 വർഷക്കാലം – (ഏകദേശം 1406 – 1356 ബി.സി.). ജോഷ്വായുടെ മരണത്തിനുശേഷം ഇസ്രായേൽ ജനത്തെ നയിക്കാൻ ആരുമുണ്ടായിരുന്നില്ല. ഇസ്രായേൽ ജനം നേതൃത്വമില്ലാതെ ആറുവർഷക്കാലം (ബിസി 1356-1350) ജീവിച്ചു. ദൈവത്തിൽ നിന്ന് അകന്നുപോകാനിടയായി. ഇതാണ് ന്യായാധിപന്മാരെ ലഭിക്കാനുള്ള സാഹചര്യം.

(1 രാജാക്കന്മാർ 6:1) എന്നതിൽ നിന്ന് നമുക്ക് ഈ ചരിത്ര സൂചന കണ്ടെത്താൻ കഴിയും. ഈ വാചകം അനുസരിച്ച്, സോളമന്റെ ഭരണത്തിന്റെ നാലാം വർഷം ഇസ്രായേൽ മക്കൾ ഈജിപ്ത് വിട്ടതിനു ശേഷമുള്ള 480-ാം വർഷമായിരുന്നു.

**ബിസി 1350 മുതൽ 1014 വരെ, ആകെ 336 വർഷം.**

പുറപ്പാട് മുതൽ കാനാൻ ദേശം കിഴടക്കുന്നതുവരെ : 40 വർഷം (ബിസി 1446-1406)

കാനാൻ ദേശം കിഴടക്കുന്നതു മുതൽ ജോഷ്വായുടെ മരണം വരെ: 50 വർഷം (ബിസി 1406-1356)

ജോഷ്വായുടെ മരണം മുതൽ ഒന്നാം ന്യായാധിപൻ വരെ: 6 വർഷം (ബിസി 1356-1350)

ആദ്യ ന്യായാധിപൻ മുതൽ സാമുവേലിന്റെ വരെ: 336 വർഷം (ബിസി 1350-1014)

സാമുവേലിന്റെ മരണം മുതൽ ആദ്യ രാജാവ് സാവൂളിന്റെ മരണം വരെ: 4 വർഷം (ബിസി 1014-1010)

ദാവീദ് രാജാവ് 40 വർഷം: (ബിസി 1010-970)

സോളമൻ രാജാവിന്റെ നാലാം വർഷത്തിൽ ദേവാലയം പണിയുന്നു : (ബിസി 970-967)

**40 + 50 + 6 + 336 + 4 + 40 + 4 = 480 വർഷം = 1 രാജാ 6:1**

നീതിയും ന്യായവും നടത്തുന്ന വ്യക്തികളായിട്ടല്ല ഈ ഗ്രന്ഥത്തിൽ ന്യായാധിപന്മാർ അറിയപ്പെടുക. മറിച്ച് രാജവാഴ്ചയ്ക്കുമുമ്പ് ഇസ്രായേൽ വ്യത്യസ്ത സ്വതന്ത്രഗോത്രങ്ങളായി ജീവിച്ചിരുന്ന കാലത്തു (ബി.സി. 1350 -1050) ശത്രുക്കളായിരുന്ന കാനാന്യരിൽ നിന്ന് അവരെ രക്ഷിക്കാൻ ദൈവത്താൽ വിളിക്കപ്പെട്ട യുദ്ധവീരന്മാരായിരുന്നു അവർ.

ഇസ്രായേൽ ജനം കാനാൻ ദേശത്ത് എത്തിയശേഷം ഗോത്രങ്ങളായി വ്യത്യസ്ത സ്ഥലങ്ങളിൽ താമസിച്ചു തുടങ്ങി. പിന്നീട് ഏകദേശം 200 വർഷങ്ങൾക്കുശേഷമാണ് ഈ ഗോത്രങ്ങൾ ഏകീകരിക്കപ്പെട്ടതും രാജഭരണം ആരംഭിച്ചതും. ഇതിനിടയിലുള്ള കാലഘട്ടത്തെ ന്യായാധിപന്മാരുടെ കാലഘട്ടം എന്നു വിളിക്കുന്നു. പൊതുഭരണസംവിധാനം ഇല്ലാതിരുന്ന അക്കാലത്തു ഗോത്രങ്ങൾ ഒറ്റക്കോ കൂട്ടമായോ ശത്രുക്കളെ നേരിടേണ്ടി വന്നപ്പോൾ അവരെ നയിച്ച യുദ്ധവീരന്മാരാണു ന്യായാധിപന്മാർ. ജോഷായുടെ ഗ്രന്ഥത്തിൽ വിവരിച്ചതിന്റെ തുടർച്ചയാണു ന്യായാധിപന്മാർ വിവരിക്കുന്നത്.

വാഗ്ദത്തഭൂമിയിൽ വാസമുറപ്പിച്ച് ജനം ആ ഭൂമിയിൽ പിടിച്ചു നിൽക്കുന്നതിനും കൂടുതൽ ദേശങ്ങൾ കൈവശപ്പെടുത്തുന്നതിനുംവേണ്ടി നടത്തിയ പോരാട്ടങ്ങളുടെ ചരിത്രമാണ് ന്യായാധിപന്മാരുടെ ഗ്രന്ഥത്തിൽ വിവരിക്കുന്നത്. ജോഷ്വായുടെ മരണം മുതൽ സാമുവൽ പ്രവാചകനുമുമ്പ് ന്യായാധിപനായിരുന്ന സാംസൻ വരെയുള്ള കാലത്തെ വ്യത്യസ്ത ഗോത്രങ്ങളുടെ സ്വതന്ത്രചരിത്രമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. പന്ത്രണ്ടു ന്യായാ ധിപന്മാരെക്കുറിച്ചുള്ള വിവരണങ്ങൾ ഇവിടെ ദർശിക്കാം.

ജോഷ്വായുടെ ഗ്രന്ഥത്തിൽ നാം സംശയിച്ചതുപോലെ ദേശം മുഴുവൻ ഇസ്രായേൽ കീഴടക്കിക്കഴിഞ്ഞില്ല എന്ന് ഒന്നാം അദ്ധ്യായം വ്യക്തമാക്കുന്നു. മറിച്ച് കാനാൻ ദേശത്തു പ്രവേശിച്ച് ഇസ്രായേൽ അനേക നാളുകൾ ദേശവാസികളുടെ ഇടയിൽ വസിക്കുകയാണു ചെയ്തത് (3:1 – 6). ഗ്രന്ഥത്തിന്റെ ആരംഭത്തിൽത്തന്നെ വളരെ നീണ്ട ഒരവതാരികയിലൂടെ ഗ്രന്ഥം വിവരിക്കുന്ന കാര്യങ്ങൾ നടന്ന കാലത്തെ ചരിത്ര പശ്ചാത്തലത്തെക്കുറിച്ച് ഗ്രന്ഥകർത്താവു നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്. (1:1-2:5). കഴിഞ്ഞ ഗ്രന്ഥത്തിൽ വിവരിച്ച ജോഷ്വായുടെ മരണവും സംസ്കാരവും ഇവിടെ ആവർത്തിക്കുകയും ചെയ്യുന്നു (ജോഷ്വാ 24:28-31).

ന്യായാ 2:11-23 വിവരിക്കുന്നത് അക്കാലഘട്ടത്തിലെ ജനത്തിന്റെ പൊതുസ്വഭാവമാണ്. അതുകൊണ്ടുതന്നെ ഓരോ ന്യായാധിപന്റെയും കഥയുടെ ആരംഭത്തിൽ ഗ്രന്ഥകർത്താവ് ഒരു പ്രത്യേക പ്രസ്താവന നടത്താറുണ്ട്. ''ഇസ്രായേൽ കർത്താവിന്റെ ദൃഷ്ടികളിൽ തിന്മ പ്രവർത്തിച്ചു'' (2:11; 3:7; 4:11; 61; 10:6; 13:1). അവർ നിലവിളിച്ചപ്പോഴെല്ലാം ദൈവത്തിന് അവരോട് അനുകമ്പ തോന്നുകയും ഒരു ന്യായാ ധിപനെ അയച്ച് അവരെ അവിടുന്നു രക്ഷിക്കുകയും ചെയ്തു. സ്വതന്ത്രമായ ജനം വീണ്ടും പാപം ചെയ്തപ്പോൾ ദൈവം വീണ്ടും അവരെ പീഡകർക്ക് ഏൽപ്പിച്ചുകൊടുത്തു. ഇപ്രകാരം തുടർച്ചയായി ദൈവത്തിനെതിരേ പാപം ചെയ്തതിനാൽ ദൈവം അവരുടെ ശത്രുക്കളെയെല്ലാം ഒരുമിച്ചു നീക്കം ചെയ്തില്ല. (2:16-23)

ദേശത്തു ദൈവം ശേഷിപ്പിച്ച ജനതകളുടെ ഒരു പട്ടിക 3:1-6 നല്കുന്നുണ്ട് (ഫിലിസ്ത്യരുടെ അഞ്ചു പ്രഭുക്കൻമാർ, കാനാന്യർ, സിദോന്യർ, ബാൽഹെർമ്മോൻ മലമുതൽ ഹമാത്തിന്റെ പ്രവേശന കവാടം വരെയുള്ള ലബനോൻ മലയിൽ താമസിച്ചിരുന്ന ഹിവ്യർ). എന്തുകൊണ്ടാണ് അവരെ ബാക്കിയാക്കിയതെന്നും വിവരിക്കുന്നു. അതായത്, ഭാവിയിലെ തലമുറകൾക്കു യുദ്ധത്തിന്റെ നേരിട്ടുള്ള പരിചയം ലഭിക്കാനും അവർ ദൈവത്തോടു വിശ്വസ്തരായിരിക്കുമോ എന്നു അവരെ പരീക്ഷിക്കാനുമാണത് (3:1-4). എന്നാൽ വിജാതീയരു മായുള്ള ഈ സഹവാസം അവരെ മറ്റൊരു വലിയ തിന്മയായ മിശ്രവിവാഹത്തിലേക്കു നയിച്ചു (3:5-6).

**ഘടന**

I. അധ്യാ. 1:1-36: ആമുഖം, വിജാതീയ ജനങ്ങളെ പരാജയപ്പെടുത്തുന്നതിന്റെ വിവരണങ്ങൾ.

II. അധ്യാ. 2:1-5 ദൈവദൂതന്റെ മുന്നറിയിപ്പ്.

III. അധ്യാ. 2:6-3:6 രണ്ടാം ആമുഖം, ഇസ്രായേൽ ജനം അന്യദേവന്മാരെ ആരാധിച്ചു പാപം ചെയ്യുന്നു.

IV.അധ്യാ. 3:7-16:31 പന്ത്രണ്ടു ന്യായാധിപന്മാരെക്കുറിച്ചുള്ള വിവരണങ്ങളും അബിമേലെക്കിന്റെ ചരിത്രവും.

V. അധ്യാ. 17:1-21:25 അനുബന്ധം; ദാൻ-ബഞ്ചമിൻ ഗോത്രങ്ങളിലെ ചില പ്രത്യേക സംഭവങ്ങൾ.

പന്ത്രണ്ടു ന്യായാധിപന്മാരുടെ ചരിത്രം വിവരിക്കുന്നുണ്ടെങ്കിലും അവരിൽ ആറുപേരെക്കുറിച്ചു വളരെ ചെറിയ വിവരണങ്ങൾ മാത്രമേ ഗ്രന്ഥം നല്കുന്നുള്ളൂ. അതിനാൽ അവരെ ചെറിയ ന്യായാധിപന്മാർ എന്നു വേർതിരിക്കാറുണ്ട്; ഷാംഗാർ, തോല, ജായിർ, ഇബ്സാൻ, എലോൺ, അബ്ദോൺ എന്നിവരാണ് ചെറിയ ന്യായാധിപന്മാർ. ഒത്ത്നിയേൽ, ഏഹൂദ്, ബറാക്ക് (ദെബോറയോടൊപ്പം), ഗിദെയോൻ, യഫ്ത്ത, സാംസൺ എന്നിവരാണു വലിയ ന്യായാധിപന്മാർ. സമൂഹത്തിന്റെ വലിയ പ്രതിസന്ധി ഘട്ടങ്ങളിൽ നേതൃത്വത്തിലേക്കു കടന്നു വന്നു സമൂഹത്തിനുവേണ്ടി പോരാടുകയും അവർക്കുവേണ്ടി യുദ്ധങ്ങളിലൂടെ വലിയ സമ്പത്തു നേടിക്കൊടുക്കുകയും ചെയ്തവരായിരുന്നു ന്യായാധിപന്മാർ.

**ഇസ്രായേലിലെ ന്യായാധിപന്മാർ**

**1) ഒത്ത്നിയേൽ (3:7-11)**

ഒത്ത്നിയേലിന്റെ എതിരാളി പീഡകനായ കുഷാൻ റിഷത്തായിമാണ്. ഒത്ത്നിയേൽ എന്ന പേരിന്റെ അർത്ഥം ദൈവത്തിന്റെ സിംഹം ശക്തി എന്നായിരിക്കാം. കെനാസിന്റെ പുത്രനായ ഒത്ത് നിയേലിന്റെ ജനനസ്ഥലം ഹെബ്രോണായിരുന്നു. കുഷാൻ റിഷത്തായിമിന്റെ കോട്ട വിവരണത്തിൽ പറയുന്നതുപോലെ ആറാം നെഹറായിമാകാൻ സാധ്യതയില്ല (കാരണം അതു മെസൊപ്പൊട്ടേമിയ ആണ്). മറിച്ച് അർനോൺ ഹറിം (മലനിരയിലെ കോട്ട) ആയിരിക്കണം. ഇതു ഹീബ്രു പകർത്തിയെഴുതിയവർ വരുത്തിയ ഒരു തെറ്റാകാനാണു സാധ്യത. ജനം കർത്താവിനോടു നിലവിളിക്കുകയും കർത്താവ് അവർക്ക് ഒരു വിമോചകനെ അയയ്ക്കുകയും ചെയ്യുന്ന പൊതുവായ വിവരണരീതി ഈ കഥയിലും ദൃശ്യമാണ്. ന്യായപാലനം നടത്തുകയെന്നാൽ ജനത്തെ ശത്രുവിനെതിരെ യുദ്ധത്തിൽ നയിച്ചു വിജയം വരിക്കുക എന്നാണർത്ഥം.ഒത്ത്നിയേലിന്റെ പ്രവർത്തനഫലമായി നാട്ടിൽ 40 വർഷത്തെ സമാധാനമുണ്ടായി.

**2) എഹൂദ് (3:12-30)**

ബഞ്ചമിൻകാരനും ഇടംകൈയ്യനുമായ എഹൂദാണ് രണ്ടാമത്തെ ന്യായാധിപൻ. എഹൂദ് എന്ന പേരിന്റെ അർത്ഥം ഒന്ന് അല്ലെങ്കിൽ ഐക്യം എന്നായിരിക്കാം. ഈ ഗോത്രത്തിൽ ഇടംകൈയന്മാരായ പല പ്രമുഖരുമുണ്ട് (20:16; 1ദിന 12:2). കൂടുതൽ പ്രഹരശേഷിയുള്ള യോദ്ധാക്കളെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി ഇടതുകൈയുടെ ഉപയോഗം കൃത്രിമമായി പരിശീലിപ്പിച്ചിരുന്നിരിക്കാൻ സാധ്യതയുണ്ട്. കാലാൾപ്പടയിൽ ഇടതുകൈയ്യന്മാർക്കു വിജയ സാധ്യത കൂടുതലുണ്ടായിരുന്നു. കാരണം അവരിൽ നിന്നുള്ള ആക്രമണം തടയുക എതിരാളിക്കു ദുഷ്കരമായിരുന്നു. ഇസ്രായേൽ വിഗ്രഹാരാധന നടത്തിയതിന്റെ ഫലമായി ദൈവം അവരെ കൈവെടിഞ്ഞു. മൊവാബു രാജാവും ജനവും അവരെ 18 വർഷം പീഡിപ്പിച്ചു. അപ്പോൾ അവിടുന്നു ഗേരയുടെ പുത്രനായ എഹൂദിനെ അവരുടെ വിമോചകനായി നിയോഗിച്ചു.

മൊവാബു രാജാവിനുള്ള ഇസ്രായേലിന്റെ കാഴ്ചയുമായി എഹൂദ് രാജസന്നിധിയിൽ പോവുകയും രാജസന്നിധിയിൽ നിന്ന് ആളുകളെയെല്ലാം പുറത്താക്കിയശേഷം ചതിയിലൂടെ രാജാവിനെ വധിക്കുകയും ചെയ്തു. എഹൂദ് രാജാവിനെ വധിക്കാനുപയോഗിച്ച് ഒരു മുഴം നീളമുള്ള ഇരുമ്പുകത്തി അന്നു പ്രശസ്തമായിരുന്നു എന്നതിൽനിന്ന് ഇത് ഇരുമ്പുയുഗത്തിന്റെ ആരംഭമാണെന്നു മനസ്സിലാക്കാം. എഗ്ലോൻ പരാജയപ്പെടുകയും സൈന്യം ചിതറിപ്പോവുകയും ചെയ്തു. തുടർന്ന്, നാട്ടിൽ 80 വർഷത്തെ സമാധാനമുണ്ടായി.

**3) ഷാംഗാർ (3:31)**

ഫിലിസ്ത്യരിൽനിന്ന് ഏകനായി ഇസ്രായേലിനെ വിമോചിപ്പിച്ച വ്യക്തിയാണു അനാത്തിന്റെ പുത്രനായ ഷാംഗാർ. ഷാംഗാർ എന്ന പേരിന്റെ അർത്ഥം വാൾ എന്നായിരിക്കാം. ചാട്ടകൊണ്ട് അദ്ദേഹം 600 ഫിലിസ്ത്യരെ വധിച്ചു. അനാത്ത് സാധാരണയായി കാനാൻകാരുടെ ഒരു ദേവതയുടെ പേരാണെങ്കിലും അതൊരു സ്ഥലത്തിന്റെ പേരുമായിരുന്നു.

**4) ദെബോറയും ബറാക്കും (4:1-24)**

ദെബോറയെന്നാൽ ''തേനീച്ചയെന്നും ബറാക്ക് എന്നാൽ ''മിന്നൽ എന്നുമാണർത്ഥം. ഒരു ന്യായാധിപനോടൊപ്പം പ്രവാചികയും ലപ്പിദോത്തിന്റെ ഭാര്യയുമായ ദെബോറ ഒന്നുചേർന്നു നടത്തുന്ന ഒരു വിമോചന കർമ്മമാണ് ഇവിടെ വിവരിക്കപ്പെടുന്നത്. ഇസ്രായേൽ പാപം ചെയ്തു. ദൈവം അവരെ കാനാനിലെ ഹത്സോർ രാജാവായ യാബിന്റെ കരങ്ങളിലേൽപിച്ചു. യാബിൻ അവരെ 20 വർഷം കഠിനമായി പീഡിപ്പിച്ചു. അയാൾക്ക് ഇരുമ്പുപയോഗിച്ചു ദൃഢപ്പെടുത്തിയ 900 രഥങ്ങളുണ്ടായിരുന്നു. സിസെറാ ആയിരുന്നു അയാളുടെ സേനാധിപതി. ജനത്തിനിടയിലെ തർക്കങ്ങൾ നീക്കുന്നതിന് അക്കാലത്ത് അവർ പ്രവാചികയായ ദെബോറയെ സമീപിച്ചിരുന്നു. ഇത് ഒരു പഴയകാല നീതിന്യായ വ്യവസ്ഥയുടെ അടയാളമാണ്.

ദെബോറയുടെ നിർബന്ധപ്രകാരം ബറാക്ക് സെബുലൂൻ നഫ്താലി ഗോത്രങ്ങളിൽ നിന്നും 10,000 പേരെ

സിസെറായ്ക്കെതിരേ യുദ്ധത്തിനായി താബോർ മലയിൽ വിളിച്ചു കൂട്ടി. സിസെറായുടെ പട്ടാളം കിഷോൻ തോടിനടുത്തു താബോർ മലയുടെ താഴെ നിലയുറപ്പിച്ചു. യുദ്ധത്തിനു പുറപ്പെടാൻ ദെബോറ ബറാക്കിനോടു പറഞ്ഞെങ്കിലും അവൾ കൂടെയില്ലെങ്കിൽ പുറപ്പെടുകയില്ല എന്നു ബറാക്കു പറഞ്ഞു. അപ്പോൾ ദെബോറ പറയുന്ന "ഇന്നു കർത്താവു ശത്രുവിനെ ഒരു സ്ത്രീയുടെ കൈയിലേൽപ്പിക്കും" എന്ന വചനങ്ങൾ അവളുടെ പ്രവചനമാണ്. ദെബോറയുടെ വാക്കനുസരിച്ചു യുദ്ധമാരംഭിച്ചുകഴിഞ്ഞപ്പോൾ സിസെറായുടെ സൈന്യം ബറാക്കിനു മുന്നിൽ ചിതറിയോടി. സിസെറാ പലായനം ചെയ്തപ്പോൾ ബറാക്ക് അയാളെ പിന്തുടർന്നു.

തന്നോടു കൂടിയാണെന്നു സിസെറാ ചിന്തിച്ചിരുന്ന കേന്യരിൽ ഒരുവനായ ഹേബറിന്റെ ഭാര്യ അവനു തന്റെ കൂടാരത്തിൽ അഭയം നൽകി. അതിനുശേഷം അവൾ അവനെ ഒരു പുതപ്പിട്ടു മൂടി ഒളിപ്പിച്ചു. അവൻ കുടിക്കാൻ വെള്ളം ചോദിച്ചപ്പോൾ അവൾ അവനു പാൽ കുടിക്കാൻ കൊടുത്തു. തളർന്നുറങ്ങിയ സിസെറായുടെ ചെന്നിയിൽ അവൾ ഒരു മരയാണി അടിച്ചു കയറ്റി അവനെ വധിച്ചു. അങ്ങനെ ദെബോറയുടെ പ്രവചനം നിറവേറി (4:9). ബറാക്ക് എത്തിയപ്പോഴേക്കും എല്ലാം കഴിഞ്ഞിരുന്നു. അങ്ങനെ ഇസ്രായേലിൽ സമാധാനമുണ്ടായി. നാലാം അദ്ധ്യായത്തിൽ ഗദ്യരൂപത്തിൽ വിവരിക്കുന്ന ഈ കഥതന്നെ അഞ്ചാമദ്ധ്യായത്തിൽ പദ്യരൂപത്തിൽ വിവരിച്ചിട്ടുണ്ട്.

**5) ഗിദയോൻ (6:1-8:35)**

ശത്രുക്കളിൽനിന്ന് ഇസ്രായേലിനെ ശക്തമായി വിമോചിപ്പിച്ചതിന്റെ ഫലമായി രാജാവായിത്തീരാൻ വരെ സാധ്യത തെളിഞ്ഞ വ്യക്തിയാണു ഗിദയോൻ. ഇസ്രായേൽ ജനം കർത്താവിനുമുമ്പിൽ (ആ) തിന്മ ചെയ്തു (വിഗ്രഹാരാധന). അതിന്റെ ഫലമായി ദൈവം അവരെ ഏഴു വർഷത്തേക്കു മിദിയാൻകാർക്ക് ഏൽപിച്ചു കൊടുത്തു. ഓരോ വിളവെടുപ്പു കാലത്തും മിദിയാൻകാരും അമലേക്യരും പൗരസ്ത്യരും വന്ന് ഇസ്രായേലിനെ കൊള്ളയടിക്കുക പതിവായി. ഇണക്കിയെടുത്ത ഒട്ടകങ്ങളുമായി വന്നിരുന്ന ഇക്കൂട്ടർ ഇസ്രായേലിനെ കടുത്ത ദാരിദ്ര്യത്തിലേക്കു തള്ളിവിട്ടു. ജനം ദൈവത്തോടു നിലവിളിച്ചപ്പോൾ കർത്താവ് അവരെ വിഗ്രഹാരാധനയിൽനിന്നു പിന്തിരിപ്പിക്കുന്നതിനായി (പേരു പറഞ്ഞിട്ടില്ലാത്ത) ഒരു പ്രവാചകനെ അവരുടെ പക്കലേക്കയച്ചു.

ഗിദയോന്റെ ദൈവവിളി വളരെ ശ്രദ്ധേയമാണ്. മിദിയാൻകാർ കണ്ടു കൊള്ളയടിച്ചു കൊണ്ടു പോകാതിരിക്കാനായി മുന്തിരിച്ചക്കിൽ ഗോതമ്പു മെതിച്ചു കൊണ്ടിരിക്കുകയായിരുന്ന ഗിദയോനെ കർത്താ വ്/ കർത്താവിന്റെ ദൂതൻ സന്ദർശിച്ചു. താൻ സത്യമായും കർത്താവിന്റെ ദൂതനോടാണു സംസാരിച്ചുകൊണ്ടിരിക്കുന്നത് എന്നുറപ്പു വരുത്താൻ ഗിദയോൻ ഒരടയാളം ആവശ്യപ്പെടുകയും ദൂതൻ അഗ്നിയിറക്കി ബലി സ്വീകരിച്ചുകൊണ്ടു ഗിദയോനു തെളിവു നല്കുകയും ചെയ്തു. ദൈവത്തെക്കണ്ടാൽ മനുഷ്യൻ മരിക്കുമെന്ന ചിന്ത നിമിത്തം അപ്പോൾ ആകുലചിത്തനായ ഗിദയോനെ കർത്താവ് ആശ്വസിപ്പിച്ചു. കർത്താവിന്റെ നിർദ്ദേശമനുസരിച്ച് തന്റെ സ്ഥലമായ ഓഫ്രയിൽ ഒരു ബലിപീഠം നിർമ്മിച്ച് ഗിദയോൻ ഒരു കാളയെ കർത്താവിനു ബലിയർപ്പിക്കുകയും ആ ബലിപീഠത്തിനു "സമാധാനത്തിന്റെ കർത്താവ്" (യാഹ്‌വെ) അല്ലെങ്കിൽ "ഐശ്വര്യത്തിന്റെ കർത്താവ്" എന്നു പേരുവിളിക്കുകയും (6:11-24).

വിശ്വാസത്യാഗിയായ തന്റെ പിതാവു ബാൽദേവനുവേണ്ടി നിർമ്മിച്ച ബലിപീഠവും അതിനോടു ചേർന്നുള്ള അഷേരപ്രതിഷ്ഠയും കർത്താവിന്റെ നിർദ്ദേശമനുസരിച്ചു ഗിദയോൻ നശിപ്പിച്ചു. രാത്രിയിൽ രഹസ്യമായി അഷേര പ്രതിഷ്ഠ വെട്ടിക്കീറി ആ വിറകിന്മേൽ വച്ചു പിതാവിന്റെ കാളയെ ഗിദയോൻ കർത്താവിനു ബലിയർപ്പിച്ചു. വിഗ്രഹാരാധനയ്ക്കെതിരേ ഈവിധം പ്രവർത്തിച്ചു നവീകരണത്തിനു മുതിർന്ന തിനാലായിരിക്കാം അദ്ദേഹത്തിനു ഗിദയോൻ (വെട്ടിനുറുക്കുന്നവൻ) എന്നു പേരുണ്ടായത്. ബാലിന്റെ ബലിപീഠവും അഷേരായും നശിപ്പിച്ചത് ഗിദയോനാണെന്നു മനസ്സിലാക്കിയ ദേശവാസികൾ അയാളെ വധിക്കാൻ ശ്രമിച്ചപ്പോൾ അയാളുടെ പിതാവ് അത് എതിർക്കുകയും ബാൽ ദൈവമാണെങ്കിൽ അവൻ തന്നെ അവന്റെ കാര്യം നോക്കട്ടെ എന്നുപറയുകയും ചെയ്തു. അതിൽ നിന്നായിരിക്കണം ഗിദയോനു ജറൂബാൽ എന്ന പേരു ലഭിച്ചത്. ഇതു ഗിദയോനുണ്ടായിരുന്ന മറ്റൊരു പേരിന്റെ വിശദീകരണമായിരിക്കണം (6:25-32). വിശ്വാസത്യാഗിയായ പിതാവിന്റെ മകനായിരുന്നിട്ടും മതനവീകരണത്തിനു ശ്രമിച്ച വ്യക്തി യാണു ഗിദയോൻ. മിദിയാൻകാരും അമലേക്യരും പൗരസ്ത്യരും ഇസ്രായേലിനെതിരേ യുദ്ധത്തിനു വരുന്നതാണു തുടർന്നു വിവരിക്കുന്നത്. ദൈവികശക്തിയാൽ നിറഞ്ഞ ഗിദയോൻ (6:33-35) മനാസ്സെ, സെബുലൂൻ, നഫ്ത്താ ലി, ആഷേർ ഗോത്രങ്ങളിൽ നിന്ന് ആളുകളെ ഒരുമിച്ചു ചേർത്തു. എന്നാൽ യുദ്ധത്തിനു പുറപ്പെടാൻ ഗിദയോന് അപ്പോഴും ധൈര്യമുണ്ടായിരുന്നില്ല. അതിനാൽ ശത്രുവിനെ തന്റെ കരങ്ങളിൽ ഏൽപിക്കുമെന്നതിനു ഗിദയോൻ കർത്താവിനോട് അടയാളം ചോദിക്കുകയും മഞ്ഞും വസ്ത്രവും ചേർന്ന അടയാളം രണ്ടു പ്രാവശ്യം നല്കി കർത്താവു ഗിദയോനെ ധൈര്യപ്പെടുത്തുകയും ചെയ്തു.

മുപ്പത്തിരണ്ടായിരത്തോളം വരുന്ന തന്റെ സൈന്യത്തെ അപ്പോൾ ഗിദയോൻ സജ്ജമാക്കി. എന്നാൽ വിജയം തങ്ങളുടെ ശക്തികൊണ്ടു നേടിയതാണെന്ന് അവർ അഹങ്കരിക്കാതിരിക്കാൻ കർത്താവ് അവരുടെ എണ്ണം ആദ്യം 10000 ആയും പിന്നീട് ഏറ്റവും മടിയന്മാരായവരുടെ 300 ആയും കുറച്ചു (ദാഹിക്കുമ്പോൾ പോലും വെള്ളം നക്കി കുടിക്കുന്നവർ). കർത്താവിന്റെ ശക്തി കൂടെയുണ്ടെങ്കിലും ധൈര്യമാർജ്ജിക്കാതിരുന്ന ഗിദയോനെ ദൈവം വീണ്ടും ഒരുക്കുകയും മിദിയാൻകാരുടെ പരാജയത്തെക്കുറിച്ച് അവരെക്കൊണ്ടുതന്നെ പറയിക്കുകയും ചെയ്തു (7:9-14).

ബാക്കിവന്ന തന്റെ 300 പേരെ മൂന്നു ഗണങ്ങളായിത്തിരിച്ച് ഓരോരുത്തരും ഒരു കൈയിൽ ഒരു കാഹളവും മറുകൈയിൽ വലിയ ഒരു പന്തവും പിടിച്ച് അവരുമായി രാത്രിയിൽ ഗിദയോൻ മിദിയാൻകാരുടെ താവളം ആക്രമിച്ചു. ഭയന്നു വിറച്ച് ശത്രുക്കൾ പരസ്പരം വെട്ടി മരിക്കാൻ കർത്താവ് ഇടവരുത്തി (7:16-22). നിയമാവർത്തന ഗ്രന്ഥകാരന്റെ ഈ വിവരണമനുസരിച്ച് യുദ്ധം മുഴുവൻ ചെയ്തതും വിജയിച്ചതും കർത്താവുതന്നെയാണ്.

മിദിയൻ പ്രഭുക്കന്മാരായ ഓറേബിനെയും സേഏവിനെയും സേബായെയും സൽമുന്നായെയും

വധിക്കുന്നതും ഗിദയോന്റെ ജോർദ്ദാനു മറുകരെയുള്ള വിജയവുമാണു തുടർന്നു വിവരിക്കുന്നത്. വലിയ കൊള്ള നടത്താനും അവർക്കു കഴിഞ്ഞു.

ഗിദയോന്റെ വിജയത്തിൽ സന്തോഷിച്ച് ജനം അയാളെയും സന്തതികളെയും രാജാവാക്കാൻ ആഗ്രഹിച്ചുവെങ്കിലും ഗിദയോൻ അതിനനുവദിച്ചില്ല. എന്നാൽ കൊള്ള മുതലിൽ നിന്നുള്ള വിലപിടിച്ച കുണ്ഡലങ്ങൾ അവൻ ജനത്തിൽനിന്നു ശേഖരിച്ച് അതുകൊണ്ട് ഒരു ഏഫോദു നിർമ്മിച്ച് ഓഫ്രയിൽ സ്ഥാപിച്ചു. ഇസ്രായേൽക്കാർ പിന്നീട് അതിനെ ആരാധിച്ചു പാപം ചെയ്തു എന്നു വി. ഗ്രന്ഥകാരൻ പറയുന്നു (8:27).

ഗിദയോന്റെ കുടുംബത്തെക്കുറിച്ചുള്ള ചെറിയ ഒരു വിവരണത്തോടെയാണു കഥ അവസാനിക്കുന്നത്. അയാൾക്കു പല ഭാര്യമാരിൽ നിന്നായി 70 പുത്രന്മാരും ഷെക്കെമിലെ ഉപനാരിയിൽ നിന്ന് അബിമേലെക്ക് എന്ന മറ്റൊരു പുത്രനുമുണ്ടായി. ഗിദയോൻ മരിച്ച് ഓഫ്രയിൽ സംസ്കരിക്കപ്പെട്ടു. താമസിയാതെ ജനം ഗിദയോനെയും കർത്താവിനെയും മറക്കുകയും വിഗ്രഹാരാധനയിൽ നിപതിക്കുകയും ചെയ്തു.

**അബി മേലെക്ക് (9:1-57)**

ദേശത്തെ ഭരണകാര്യങ്ങളും സാമൂഹ്യജീവിതവും നിശ്ചിതമായ ക്രമത്തിലല്ല. അക്കാലത്തു നടന്നിരുന്നത് എന്നു കാണിക്കാനാണു നിയമാവർത്തന ഗ്രന്ഥകാരൻ അബിമേലെക്കിന്റെ കഥ പറയുന്നത്. അദ്ദേഹത്തെ ഒരു ന്യായാധിപനായി കണക്കാക്കുന്നില്ല. ഗിദയോന്റെ 70 മക്കളിൽപ്പെടാത്തവനും അയാൾക്ക് അടിമയിൽ ജനിച്ച പുത്രനുമായ അബിമേലെക്ക് ദുഷ്ടമാർഗ്ഗത്തിലൂടെ അധികാരത്തിൽ വരുന്നതിനെക്കുറിച്ചാണു വിവരണം. അബിമേലെക്ക് എന്ന പേരിന്റെ അർത്ഥം "എന്റെ പിതാവു രാജാവാണ്" എന്നാണ്. ഈ പിതാവു ഗിദയോനോ, ദൈവമോ ആകാം. ദുഷ്ടമാർഗ്ഗത്തിലൂടെ അധികാരത്തിലേറുകയും അനീതി അഭ്യസിക്കുകയും ചതി ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്ത അബിമേലെക്കു വിതച്ചതുതന്നെ കൊയ്തു. യുദ്ധാവസര ത്തിൽ അശ്രദ്ധമായി യുദ്ധം ചെയ്യുന്നതിനിടെ യോദ്ധാവുപോലുമല്ലാത്ത ഒരു സ്ത്രീ എറിഞ്ഞ തിരികല്ലു തലയിൽ വീണു അപമാനിതനായി അയാൾ മരിച്ചു.

**7) തോല (10:1-2)**

എഫ്രായിം മലമ്പ്രദേശത്തു ഷമീറിൽ ജീവിച്ചിരുന്ന ഇസ്സാക്കാർ ഗോത്രജനായ ദോദോയുടെ പുത്രൻ തോലയെ ഇസ്രായേലിനെ രക്ഷിക്കാനായി ദൈവം നിയോഗിച്ചു (10:12). അദ്ദേഹം 23 വർഷം അവരെ നയിച്ചു. മരിച്ച് അവിടെത്തന്നെ അടക്കപ്പെടുകയും ചെയ്തു. തോല എന്ന പേരിന്റെ അർത്ഥം കൃമി (worm) എന്നാണ്.

**8) ജായിർ (10:3-5)**

തോല ജോർദാനിക്കരെയാണെങ്കിൽ ജായിർ ജോർദാനക്കരെ ഗിലെയാദിലായിരുന്നു ന്യായപാലനം നടത്തിയത്. 22 വർഷം അദ്ദേഹം ന്യായപാലനം നടത്തി. അയാൾക്കു മുപ്പതു പുത്രന്മാരും അവരുടെ അധീനതയിൽ മുപ്പതു പട്ടണങ്ങളുമുണ്ടായിരുന്നു. ഇവ വളരെക്കാലം ജായിറിന്റെ ഗ്രാമങ്ങൾ എന്നാണറിയപ്പെട്ടിരുന്നത്. ജായിർ എന്ന പേരിന്റെ അർത്ഥം "ബോധവൽക്കരിക്കുന്നവൻ' എന്നാണ്.

**9) ജഫ്ത്താ (10:6-12:5)**

ശക്തനായ സേനാധിപനായിരുന്ന ജഫ്ത്താ ശ്രേഷ്ഠന്മാരിലൊരുവനായ ഗിലയാദിന് ഒരു വേശ്യയിൽ ജനിച്ച പുത്രനായിരുന്നു. അതു കൊണ്ടുതന്നെ ഗിലയാദിന്റെ മറ്റു മക്കൾ അയാളെ വീട്ടിൽ നിന്ന് ആട്ടി യോടിച്ചു. ജഫ്ത്തായാകട്ടെ തോവിൽ ഒരു നീചസംഘത്തിന്റെ തലവനായി തന്റെ വീര്യം തെളിയിച്ചുകൊണ്ടിരുന്നു. ജഫ്ത്താ എന്ന പേരിന്റെ അർത്ഥം ദൈവദാനം.

അന്യദേവന്മാരെ ആരാധിച്ചുകൊണ്ട് ഇസ്രായേൽ വീണ്ടും പാപം ചെയ്തതിന്റെ ഫലമായി കർത്താവ് അവരെ പരിത്യജിച്ചു. തൽഫലമായി ജോർദാനക്കരെ ഗിലയാദിൽ അമ്മോന്യരോടൊത്തു വസിച്ചിരുന്ന ഇസ്രായേല്യരെ അവർ 18 വർഷം ക്രൂരമായി ഞെരുക്കി. മാത്രമല്ല അവർ ജോർദാൻ കടന്നു യൂദാ, ബെഞ്ചമിൻ എന്നീ ഗോത്രങ്ങളോടു യുദ്ധം ചെയ്യാൻ വരികയും ചെയ്തു. അപ്പോൾ അവർ കർത്താവിനോടു വിളിച്ചപേക്ഷിക്കുകയും തങ്ങളുടെ പാപം ഏറ്റുപറയുകയും അന്യദേവന്മാരെയെല്ലാം സമൂഹത്തിൽ നിന്നു നീക്കം ചെയ്തു സ്വയം വിശുദ്ധീകരിക്കുകയും ചെയ്തു (10:16). അപ്പോൾ അവരുടെ കഷ്ടത കണ്ട കർത്താവു രോഷാകുലനായി (10:16). യുദ്ധത്തിനൊരുങ്ങി വന്ന അമ്മോന്യർ ഗിലയാദിൽ താവളമടിച്ചു. ഇസ്രായേല്യർ ഒന്നു ചേർന്നു മിസ്പായിലും താവളമടിച്ചു. അപ്പോഴാണു ജഫ്ത്താ ന്യായാധിപനായി വരാനുള്ള വേദിയൊരുങ്ങിയത് (10:18).

അമ്മോന്യർ യുദ്ധത്തിനൊരുങ്ങിക്കഴിഞ്ഞപ്പോൾ ധീരയോദ്ധാവായ ജഫ്ത്തായെക്കൂടാതെ തങ്ങൾക്കു രക്ഷപ്പെടാനാവില്ലെന്നു ഗിലയോദിലെ ശ്രേഷ്ഠന്മാർക്കു മനസ്സിലായി. അതുകൊണ്ട് അവർ അവനെ ആളയച്ചു ക്ഷണിച്ചു. എന്നാൽ ജഫ്ത്താ അവരുമായി വാദിക്കുകയും മിസ്പായിലെ ഒരു ഉടമ്പടിയിലൂടെ കർത്താവിന്റെ മുമ്പിൽ അവരുടെ നേതാവായിത്തീരുകയും ചെയ്തു (11:4-11).

യുദ്ധമൊഴിവാക്കി സമാധാനം സ്ഥാപിക്കാനായി അമ്മോന്യരുടെ അടുത്തേയ്ക്ക് ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ പേരിൽ ഒരു ദൂതനെ അയയ്ക്കുകയാണു തുടർന്നു ജഫ്ത്താ ചെയ്തത്. ഭൂമി യിലെ ഓരോ രാജ്യത്തിനും സ്വർഗ്ഗത്തിൽ അതിന്റെ അവകാശിയായി ഒരു ദൈവമുണ്ട് എന്ന ചിന്താഗതിയനുസരിച്ചാണു ജഫ്ത്താ കാര്യങ്ങൾ നീക്കുന്നത് (നിയ 32:8-9; മിക്ക 4:5). ദീർഘകാലമായി അമ്മോന്യരും മോവാബ്യരും ഇസ്രായേല്യരും തമ്മിൽ തർക്കമുള്ള ഒരു സ്ഥലമാണു ചർച്ചാവിഷയം. ദൂതന്മാർ വഴിയുള്ള രണ്ടു ചർച്ചകളും (11:12-28) ഫലം കാണാതായപ്പോൾ കർത്താവിന്റെ വിധിക്കായി സമർപ്പിച്ചുകൊണ്ടു ജഫ്ത്താ യുദ്ധത്തിനിറങ്ങി. അപ്പോൾ കർത്താവിന്റെ ശക്തി ജഫ്ത്തായിൽ നിറഞ്ഞു (11:29). അവൻ അവിടുത്തേയ്ക്ക് ഒരു നേർച്ച നേർന്നു. യുദ്ധം

ജയിച്ചു താൻ തിരിച്ചു വരികയാണങ്കിൽ ആദ്യം തന്നെ എതിരേൽക്കാൻ വരുന്ന ആളെ കർത്താവിനു ദഹനബലിയായി അർപ്പിക്കും (11:30-31). ജഫ്ത്താ യുദ്ധത്തിൽ വിജയിക്കുകയും ചെയ്തു (11:32-33).

തിരിച്ചെത്തിയ ജഫ്ത്തായ ആനന്ദത്തോടെ എതിരേൽക്കാൻ വന്നത് നേർച്ചയെക്കുറിച്ചൊന്നുമറിയാത്ത അയാളുടെ ഏക മകളായിരുന്നു. ജഫ്ത്തായുടെ ജീവിതം ദു:ഖപര്യവസായിയായിരുന്നുവെന്ന് ഇതു വ്യക്തമാക്കുന്നു. തന്റെ കന്യാത്വത്തെക്കുറിച്ചു വിലപിക്കാൻ രണ്ടു മാസക്കാലം സമയം ചോദിച്ച് മകളുടെ അപേക്ഷ അംഗീകരിച്ച ജഫ്ത്താ അതിനുശേഷം തന്റെ നേർച്ച നിറവേറ്റുകതന്നെ ചെയ്തു. നിയമാവർത്തന ദൈവശാസ്ത്രജ്ഞന്മാരുടെ ആവിർഭാവത്തിനു മുമ്പ് ഇസ്രായേലിൽ നരബലിയുണ്ടായിരുന്നുവെന്ന് ഈ വചനഭാഗവും മറ്റു ചില വചനഭാഗങ്ങളും സാക്ഷ്യം വഹിക്കുന്നു (1രാജ 13:12; മിക്ക 6:6- 7; ലേവ്യ 7:28-29; ജറെ 32:35; 2 രാജാ 21:6).

ജഫ്ത്തായുടെ ജീവിതത്തിലെ ദാരുണ സംഭവങ്ങൾ ഇതുകൊണ്ടും അവസാനിച്ചില്ല. അമ്മോന്യരെ ജഫ്ത്താ പരാജയപ്പെടുത്തിക്കഴിഞ്ഞപ്പോൾ എന്തുകൊണ്ടാണു തങ്ങളെ യുദ്ധത്തിനു വിളിക്കാതിരുന്നത് എന്നുചോദിച്ചുകൊണ്ട് എഫ്രായിം കാർ ജഫ്ത്തായെയും മറ്റു ഗിലയാദുകാരെയും നിഗ്രഹിക്കാൻ പുറപ്പെട്ടു. അപ്പോൾ ജഫ്ത്താ ഗിലയാദുകാരെ ഒരുമിച്ചുകൂട്ടി എഫ്രായിമിനെ പരാജയപ്പെടുത്തി. മാത്രമല്ല എഫ്രായിം കാരിൽനിന്നു ജോർദാൻ കടവുകളും അവർ പിടിച്ചെടുത്തു. പിന്നീടുവന്ന നാളുകളിൽ അതിലെ കടന്നുപോകാൻ ശ്രമിച്ച എല്ലാ എഫ്രായിംകാരെയും അവർ വധിക്കുകയും ചെയ്തു. ജഫ്ത്താ ആറുവർഷം ന്യായപാലനം നടത്തിയശേഷം മരിച്ചു സ്വന്തം പട്ടണമായ ഗിലയാദിൽ സംസ്കരിക്കപ്പെട്ടു. രാജഭരണമാരംഭിക്കുന്നതിനു മുമ്പ് ഇസ്രായേൽ സമൂഹത്തിൽ പലപ്പോഴും നീതിന്യായ വ്യവസ്ഥകൾ ഇല്ലായിരുന്നുവെന്നും ഗോത്രങ്ങൾ തമ്മിൽ തുറന്ന യുദ്ധങ്ങളും പരസ്പര നശീകരണങ്ങളും സാധാരണയായിരുന്നുവെന്നും ജഫ്ത്തായെക്കുറിച്ചുള്ള വിവരണങ്ങൾ തെളിയിക്കുന്നു.

**10) ഇബ്സാൻ (12:10)**

ബേത്ത്ലേഹംകാരനായ അയാൾക്കു മുപ്പതു പുത്രന്മാരും കുലത്തിനു വെളിയിലേക്കു വിവാഹം കഴിച്ചയച്ച് 30 പുത്രിമാരും കുലത്തിനു വെളിയിൽനിന്നു പുത്രന്മാർ സ്വീകരിച്ച് 30 പുത്രിമാരും ഉണ്ടായിരുന്നു. 7 വർഷം ന്യായപാലനം നടത്തിയശേഷം അയാൾ മരിച്ചു ബേത്ത്ലേഹെമിൽ സംസ്കരിക്കപ്പെട്ടു.

**11) എലോൻ (12:11-12)**

സെബുലൂൻകാരനായ അയാൾ 10 വർഷം ന്യായപാലനം നടത്തി. അതിനുശേഷം മരിച്ചു സെബുലൂനിലെ അയ്യലോണിൽ സംസ്കരിക്കപ്പെട്ടു.

**12) അബ്ദോൻ (12:13-15)**

അബ്ദോൻ പിറത്താന്യനായ ഹില്ലേലിന്റെ മകനായിരുന്നു. 8 വർഷം ന്യായപാലനം നടത്തി. മരിച്ച് എഫ്രായിം ദേശത്തെ പിറത്തോനിൽ സംസ്കരിക്കപ്പെട്ടു. അയാൾക്ക് 40 പുത്രന്മാരും 30 പൗത്രന്മാരും ഉണ്ടാ യിരുന്നു. അവർക്കു സഞ്ചരിക്കാൻ എഴുപതു കഴുതകളും.

**13) സാംസൻ (13:1-16:31)**

ദാൻ ഗോത്രക്കാരനും യൂദായുടെയും ഫിലിസ്ത്യരുടെയും അതിർത്തിയിലുള്ള ബേത്ത്ഷേമെഷിൽ ജീവിച്ചിരുന്നുവനുമാണ് സാംസൻ. ഈ പേരിന്റെ അർത്ഥം "കൊച്ചു സൂര്യൻ" എന്നാണ്. അജയ്യമായ ശക്തിയുള്ളതിനാലാകാം സാംസനെ ന്യായാധിപൻ എന്നു വിളിക്കുന്നത് (13:1-15:20). സാംസൻ 20 വർഷം ന്യായപാലനം നടത്തി എന്നാണു വിവരണം (15:20). ഇസ്രായേൽ ജനം വീണ്ടും വിഗ്രഹാരാധന നടത്തിയതിന്റെ ഫലമായി ദൈവം അവരെ 40 വർഷത്തേയ്ക്കു ഫിലിസ്ത്യരുടെ കൈകളിൽ ഏൽപ്പിച്ചു. ഈ അവസരത്തിലാണ് ദാൻ ഗോത്രക്കാരനായ മനോവയുടെ വന്ധ്യയായ ഭാര്യയെ കർത്താവിന്റെ ദൂതൻ സന്ദർശിക്കുന്നത്. അവൾ നാസീർവതം ആരംഭിക്കണമെന്നും അതിന്റെ ഫലമായി അവൾക്ക് അത്ഭുതകരമായി ജനിക്കാനിരിക്കുന്ന ശിശു ഫിലിസ്ത്യരിൽനിന്ന് ഇസ്രായേലിനെ മോചിപ്പിക്കുമെന്നും ദൂതൻ അവളോടു പറഞ്ഞു. മനോവയുടെയും ഭാര്യയുടെയും പ്രാർത്ഥ നയുടെ ഫലമായി ദൂതൻ വീണ്ടും പ്രത്യക്ഷപ്പെട്ട് ജനിക്കുന്ന പുത്രൻ ജീവിതകാലം മുഴുവൻ നാസീർവതക്കാരനായിരിക്കണമെന്നറിയിച്ചു (സംഖ്യ 6:13-21).

ദൈവികപദ്ധതിയുടെ ഫലമായി കൃപനിറഞ്ഞ മാതാപിതാക്കളുടെ പുണ്യങ്ങളുടെ ഫലമായി ജനിച്ചതാണെങ്കിലും സാംസന്റെ ആസക്തികൾ അയാളെ പരാജിതനാക്കിത്തീർത്തു. ആദ്യമായി അവന്റെ കണ്ണുകളെ ആകർഷിച്ചത് ഒരു ഫിലിസ്ത്യ പെൺകുട്ടിയാണ്. തനിക്കുചേർന്ന ഇണ അവളാണെന്നു സ്വയം തീരുമാനിച്ചുറച്ച് സാംസൻ അവളെ വിവാഹം കഴിക്കുന്നതിനുള്ള ചർച്ചകൾക്കായി തന്റെ മാതാപിതാക്കളെ നിർബന്ധപൂർവ്വം തിമ്നായിലേക്കു കൂട്ടിക്കൊണ്ടുപോയി. അക്കാലത്ത് ഓരോരുത്തരും തനിക്കിഷ്ടമുള്ളതെല്ലാം ചെയ്തിരുന്നുവെന്ന നിയമാവർത്തനഗ്രന്ഥകാരന്റെ പ്രസ്താവനയോടു ചേർന്നു പോകുന്നതാണു സാംസന്റെ ഈ പ്രവൃത്തിയും. പോകുന്ന വഴിയിൽ വച്ച് ഒരു സിംഹത്തെ കണ്ടപ്പോൾ സാംസൻ അതിനെ ആയുധം കൂടാതെ കൊന്നുകളഞ്ഞു. സാംസൻ അതിശക്തനായിരുന്നുവെന്ന് ഇതു വെളിപ്പെടുത്തുന്നു. തുടർന്ന് അവൻ പോയി ആ പെൺകുട്ടിയെ ഭാര്യയായി സ്വീകരിച്ചു.

കുറച്ചു നാൾ കഴിഞ്ഞ് അവളെ തന്റെ വീട്ടിലേക്കു കൂട്ടിക്കൊണ്ടു പോകാൻ അവൻ ചെന്നു. പോകുന്ന വഴിയിൽ അവൻ ആ സിംഹത്തിന്റെ ഉടലിൽ തേൻ കൂടു കണ്ടപ്പോൾ അതെടുത്തു ഭക്ഷിച്ചു. തേൻ ധൈര്യവും കണ്ണുകൾക്കു വെളിച്ചവും നല്കുമെന്ന പഴയകാല കാഴ്ചപ്പാട് ഈ വിവരണത്തിലുണ്ട് (1 സാമു 14:24-30). തിമ്നായിലെത്തിയപ്പോൾ അവൻ അവിടെ ഏഴു ദിവസം നീണ്ട ഒരു വിരുന്നൊരുക്കി. വിരുന്നിൽ അവനോടൊപ്പമുണ്ടായിരുന്ന 30 ഫിലിസ്ത്യരോട് അവൻ ഒരു കടംകഥ പറഞ്ഞു. വിരുന്നിന്റെ ഏഴു

ദിവസത്തിനുള്ളിൽ ഉത്തരം പറഞ്ഞാൽ ഓരോരുത്തർക്കും ഓരോ ചണവസ്ത്രവും ഓരോ വിശേഷവസ്ത്രവും നല്കാമെന്നവൻ പറഞ്ഞു. പറഞ്ഞില്ലെങ്കിൽ അവർ ഓരോരുത്തരും വസ്ത്രങ്ങൾ അവനു നല്കേണ്ടിയിരുന്നു. എന്നാൽ ഫിലിസ്ത്യർ അവന്റെ ഭാര്യയെ വശീകരിച്ച് സിംഹവും തേനുമായി ബന്ധപ്പെട്ട ആ കടംകഥയുടെ ഉത്തരം മനസ്സിലാക്കുകയും അങ്ങനെ സാംസൻ വഞ്ചിതനാവുകയും ചെയ്തു. ക്രോധം പൂണ്ട സാംസൻ ഫിലിസ്ത്യ നഗരമായ അഷ്കലോണിൽച്ചെന്ന് 30 ഫിലിസ്ത്യരെ കൊന്ന് അവരെ കൊള്ളയടിച്ച് തന്റെ വാക്കുപാലിച്ചു. അയാൾ കോപത്തോടെ തന്റെ പിതൃഭവനത്തിലേക്കു മടങ്ങി. തുടർന്ന്, അവന്റെ ഭാര്യ മണവാളത്തോഴന്റെ ഭാര്യയായിത്തീർന്നു.

കുറച്ചുനാൾ കഴിഞ്ഞു സാംസൻ തന്റെ ഭാര്യയെ സന്ദർശിക്കാൻ പോയപ്പോഴാണ് തന്റെ ഭാര്യ അന്യനു ഭാര്യയിത്തീർന്നു എന്ന വിവരം അയാൾ അറിയുന്നത്. ഇതിനു പ്രതികാരമായി സാംസൻ പോയി 300 കുറുനരികളെ പിടിച്ചു രണ്ടെണ്ണത്തെ വീതം വാലുകൾ കൂട്ടികെട്ടി അവയ്ക്കിടെ പന്തങ്ങൾ വച്ചു വയലുകളിലേക്കയച്ചു ഫിലിസ്ത്യരുടെ വയലെല്ലാം ചാമ്പലാക്കി. അപ്പോൾ ആ സ്ത്രീയെയും അവളുടെ പിതാവിനെയും വധിച്ചുകൊണ്ടു ഫിലിസ്ത്യർ പകരം വീട്ടി. അതിനുപകരമായി ഫിലിസ്ത്യരെ വധിച്ചശേഷം സാംസൻ ഏത്താം പാറയിൽ ഒളിച്ചു.

അപ്പോൾ ഫിലിസ്ത്യർ സാംസനെ ആവശ്യപ്പെട്ടു യൂദായിലെ ലേഹി പട്ടണം വളഞ്ഞു. യൂദാക്കാർ തന്നെ ഉപദ്രവിക്കാതിരിക്കുകയാണെങ്കിൽ ബന്ധനസ്ഥനാക്കി തന്നെ അവർക്കു കൈമാറിക്കൊള്ളാൻ സാംസൻ സമ്മതിച്ചു. അവർ പുതിയ രണ്ടു കയറുകൊണ്ട് അവനെ ബന്ധിച്ചു ഫിലിസ്ത്യർക്കു കൈമാറി. അപ്പോൾ ദൈവത്തിന്റെ ശക്തി അവനിൽ ആവസിക്കുകയും തത്ഫലമായി അവൻ ബന്ധന മോചിതനാവുകയും ചെയ്തു. അവൻ ചത്തകഴുതയുടെ ഒരു താടിയെല്ലെടുത്ത് അതുകൊണ്ട് ആയിരം ഫിലിസ്ത്യരെ വധിച്ചു. അപ്പോൾ അവനു വലിയ ദാഹമുണ്ടായി. അവനായി ദൈവം ഒരു ഉറവ തുറന്നു.

വലിയ ശക്തനും ദൈവിളിയുമുള്ളവനുമായിരുന്നെങ്കിലും സ്വന്തം വികാരങ്ങൾക്ക് അടിമയായിരുന്നു സാംസൻ. സാംസൻ ഒരു വേശ്യയെ സന്ദർശിക്കുന്നതും (16:13) ദലീല എന്ന സ്ത്രീയുമായുള്ള അവന്റെ പ്രേമബന്ധവുമാണു പിന്നീടു വിവരിക്കപ്പെടുന്നത്. മുൻകാല അനുഭവങ്ങളിൽനിന്നു യാതൊന്നും പഠിക്കാതിരുന്ന സാംസൺ ഈ പ്രേമ ബന്ധത്തിലൂടെ തകർന്നില്ലാതായി. നാസീർവ്രതക്കാരുടെ മുടി മുറി ക്കുകയെന്നതു വ്രതം അവസാനിച്ചു എന്നതിന്റെ അടയാളമായിരുന്നു. ഈ പ്രേമബന്ധത്തിന്റെ ഫലമായി ദൈവം നിയോഗിച്ച് ഒരു നാസീർവ്രതക്കാരനായ ന്യായാധിപൻ ഇസ്രായേലിനു നഷ്ടമായി. എങ്കിലും സാംസന്റെ മുടി വളരുകയും അവൻ ഫിലിസ്ത്യരോടു പ്രതികാരം ചെയ്യുകയും ചെയ്തു. ജീവിതകാലമത്രയും അപഹാസ്യനായ കഥാപാത്രമായാണു സാംസൻ പ്രത്യക്ഷപ്പെടുന്നതെങ്കിലും ശത്രുക്കളെ ഹനിച്ചുകൊണ്ട് അഭിമാനത്തോടെ അയാൾ മരിച്ചു.

**അക്കാലത്ത് ഇസ്രായേലിൽ രാജവാഴ്ച ഇല്ലായിരുന്നു.**

*മിക്കായുടെ പൂജാഗൃഹം*

ഇസ്രായേലിൽ രാജഭരണത്തിന്റെ ആരംഭത്തിനു മുമ്പുണ്ടായിരുന്ന കുഴഞ്ഞുമറിഞ്ഞ അവസ്ഥയെ വെളിപ്പെടുത്താനായി 17-21 അദ്ധ്യായങ്ങളിലൂടെ വി. ഗ്രന്ഥകാരൻ ചില കഥകൾ വിവരിക്കുകയാണ് (17:6; 21:25). രാജ്യത്തിന്റെ വടക്കുഭാഗത്തു താമസിച്ചിരുന്ന മിക്കായ എന്ന മനുഷ്യൻ തന്റെ അമ്മയുടെ 1100 വെള്ളിനാണയങ്ങൾ മോഷ്ടിച്ചത് ഒന്നാമത്തെ പാപം. അയാൾ മാനസാന്തരപ്പെട്ട് അതു തിരിച്ചു കൊടുത്തപ്പോൾ അതിൽ നിന്ന് 200 നാണയങ്ങളെടുത്ത് അവൾ തന്റെ മകനുവേണ്ടി ഒരു കൊത്തുവിഗ്രഹവും വാർപ്പുവിഗ്രഹവും നിർമ്മിച്ചു (ഏറ്റവും ഹീനമായ പാപം). അതോടൊപ്പം ഒരു എഫോദും വിഗ്രഹങ്ങളുമുണ്ടാക്കി. അവൻ തന്റെ പുത്രന്മാരിലൊരുവനെ അവിടെ പുരോഹിതനായി അവരോധിക്കുകയും ചെയ്തു (മറ്റൊരു പാപം). കാരണം ലേവ്യരായിരുന്നു പുരോഹിതരാകേണ്ടിയിരുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിച്ചത് എന്നു ഗ്രന്ഥകാരൻ പറയുന്നു: "അന്ന് ഇസ്രായേലിൽ രാജവാഴ്ച ഇല്ലായിരുന്നു; ഓരോരുത്തരും യുക്തമെന്നു തോന്നുന്നതു പ്രവർത്തിച്ചു പോന്നു" (17:6). പിന്നീട്, യൂദായിൽനിന്ന് ഒരു ലേവ്യൻ അവിടെ എത്തിയപ്പോൾ അയാൾ അവനെ തന്റെ പുരോഹിതനായി നിയമിച്ചു. വാസ്തവത്തിൽ ഇസ്രായേലിലുണ്ടായിരുന്ന (ദാനിൽ) പേരുകേട്ട ഒരു ബലിപീഠത്തിനെതിരേയുള്ള നിയമാവർത്തന ഗ്രന്ഥകാരന്റെ അവലോകനമാണീ വിവരണം.

*ദാനിലേക്കുള്ള കുടിയേറ്റം*

18-ാം അദ്ധ്യായം ആരംഭിക്കുന്നത് അക്കാലത്ത് ഇസ്രായേലിൽ രാജാവില്ലായിരുന്നു എന്ന പ്രസ്താവനയോടെയാണ്. തീരദേശത്ത് അവകാശം ലഭിച്ച ദാൻകാർ അവിടെയുള്ള നാട്ടുകാരെ കീഴ്പ്പെടു ത്താൻ കഴിയാത്തതുമൂലം തങ്ങൾക്കായി വേറെ വാസസ്ഥലമന്വേഷിക്കുന്ന കാലമായിരുന്നു അത്. അവരിൽ നിന്നു ലായിഷ് ഒറ്റുനോക്കാൻ വന്നവർ മിക്കായുടെ ഭവനത്തിൽ വരികയും അവിടെ പുരോഹിത ശുശ്രൂഷ ചെയ്തിരുന്ന ലേവ്യനെ കാണുകയും അവൻ വഴി കർത്താവിനോട് ആരായുകയും ചെയ്തു. അതിനുശേഷം അവർ പോയി ദേശം ഒറ്റുനോക്കി. ശാന്തരായിക്കഴിഞ്ഞിരുന്ന ആ നാട്ടിലെ ജനങ്ങളെ കീഴടക്കുക എളുപ്പമാണെന്നു മനസ്സിലാക്കിയ അവർ തിരികെ പോവുകയും ആളുകളുമായി തിരിച്ചു വരികയും ചെയ്തു. അവർ മിക്കായുടെ പുരോഹിതനായ ലേവ്യനെയും അയാളുടെ വിഗ്രഹങ്ങളും കടത്തി കൊണ്ടുപോയി. അവർ പോയി ലായിഷ് പിടിച്ചടക്കി അതിനു ദാൻ എന്നുപേരിട്ടു. അവിടെ ആ വിഗ്രഹങ്ങൾ സ്ഥാപിക്കുകയും അവിടെ പുരോഹിതനായി ആ ലേവ്യനെ നിയമിക്കുകയും ചെയ്തു. വിപ്രവാസകാലംവരെ മോശയുടെ പിൻതലമുറ അവിടെ പുരോഹിതവൃത്തി ചെയ്തു എന്നു വി. ഗ്രന്ഥകാരൻ വിവരിക്കുന്നു (18:30). മോശയുടെ പൗരോഹിത്യം അവകാശപ്പെട്ടിരുന്നതും ജറുസലെമിനു പുറത്തുണ്ടായിരുന്നതുമായ ഒരു ബലിപീഠത്തെക്കുറിച്ചുള്ള നിയമാവർത്തന ഗ്രന്ഥകാരന്റെ നിഷേധാത്മക കഥയാണിത്.

*ഗിബെയാക്കാരുടെ മ്ലേച്ഛത (19:1-30)*

ഇസ്രായേലിൽ രാജവാഴ്ചയില്ലാതിരുന്ന കാലത്ത് ഓരോരുത്തരും തങ്ങൾക്കിഷ്ടമുള്ളതെല്ലാം ചെയ്തിരുന്നുവെന്നും ഒരു രാജാവുണ്ടാകേണ്ടത് അനിവാര്യമാണെന്നും കാണിക്കാനാണു ഗ്രന്ഥകർത്താവ് ഈ കഥയും വിവരിക്കുന്നത്. എഫ്രായിമിലെ ഒരു ലേവ്യൻ ബേത്ത്ലേഹംകാരിയായ ഒരുവളെ ഉപനാരിയായി സ്വീകരിച്ചു. അവൾ അവനോടു പിണങ്ങി യൂദായിലെ പിതൃഭവനത്തിലേക്കു പോയി. അവളെ അനുനയിപ്പിച്ചുകൊണ്ടുവരാൻ പുറപ്പെട്ട ലേവ്യനെ ഏകദേശം ഒരാഴ്ചക്കാലത്തോളം അമ്മായിയപ്പൻ സൽക്കരിച്ചു. അഞ്ചാം ദിവസം വളരെ താമസിച്ച് അവർ യാത്ര പുറപ്പെട്ടു. അന്നേദിവസം ബഞ്ചമിൻ ഗോത്രക്കാരുടെ ഗിബെയാവരെ മാത്രം യാത്രചെയ്യാനേ അവർക്കു കഴിഞ്ഞുള്ളൂ. ആ രാത്രി ബഞ്ചമിനിൽ താമസമാക്കിയ മറ്റൊരു എഫ്രായിംകാരൻ അയാൾക്കും ഭാര്യയ്ക്കും അഭയമരുളി.

ആ രാത്രിയിൽ ആ നാട്ടിലെ ആഭാസന്മാർ വന്ന് അതിഥിയായി വന്നിരിക്കുന്ന മനുഷ്യനെ തങ്ങൾക്കു സന്തോഷിക്കുന്നതിനായി ഇറക്കിവിടാൻ വീട്ടുടമസ്ഥനോടാവശ്യപ്പെട്ടു. ലോത്തിന്റെ കഥയ്ക്കു സമാനമായ കഥയാണിത് (ഉൽപ.19). ഗത്യന്തരമില്ലാതെ ആ ലേവ്യൻ തന്റെ ഉപനാരിയെ അവർക്കു വിട്ടുകൊടുത്തു. അടുത്ത പ്രഭാതത്തിൽ അവൾ ആ വീടിന്റെ വാതിൽപ്പടിക്കൽ മരിച്ചുകിടക്കുന്നത് അയാൾ കണ്ടു. തന്റെ ഉപനാരിയെ രക്ഷിക്കാൻ ഒന്നും തന്നെ ചെയ്യാതിരുന്ന അയാൾ അവളുടെ മൃതശരീരം തന്റെ വീട്ടിലേക്കു കൊണ്ടുപോവുകയും അതു 12 കഷണങ്ങളാക്കി മുറിച്ച് ഇസ്രായേൽ ഗോത്രങ്ങളിലേക്കയച്ചു ബഞ്ചമിനോടു യുദ്ധം ചെയ്യാൻ അവരെ ക്ഷണിക്കുകയും ചെയ്തു. ഒരു കാളയെക്കൊന്നു കഷണങ്ങളാക്കി അയച്ചുകൊണ്ടു യുദ്ധത്തിനു ക്ഷണിക്കുന്ന രീതി ആദ്യകാലത്തു നിലവിലുണ്ടായിരുന്നു (സാമു 11:7; 1രാജ 11:30-39). യുദ്ധത്തിനു സഹകരിച്ചില്ലെങ്കിൽ ഈ കാളയുടെതു പോലെയാകും നിങ്ങളുടെ വിധിയും എന്നുസാരം. വാസ്തവത്തിൽ തിന്മയെ തടുക്കുന്നതിനു തന്റെ ഭാഗത്തുനിന്നു ന്യായമായ ഒന്നും തന്നെ ചെയ്യാതെ ജനത്തിനുമേൽ ന്യായാധിപനായി ആ ലേവ്യൻ സ്വയം അവരോധിച്ച് ദേശത്തു വിപ്ലവം സൃഷ്ടിക്കുകയായിരുന്നു.

ബഞ്ചമിനെതിരേയുള്ള യുദ്ധത്തിൽ എല്ലാ ഗോത്രങ്ങളും പങ്കുചേർന്നു (20:1). ഗോത്രങ്ങളുടെ കൂട്ടായ്മയിൽ നിന്നു വേർപെട്ടുപോകാൻ ഒരു ഗോത്രം നടത്തിയ പരിശ്രമത്തെ പരാജയപ്പെടുത്തിയതി നെക്കുറിച്ചുള്ള ഒരു പുരാതന കഥയായിരിക്കാമിത്. ഈ കഥയിൽ ബേത്തേലിനെ മോശമായി ചിത്രീകരിച്ചിട്ടില്ലെന്നതു ശ്രദ്ധേയമാണ്. യുദ്ധാനന്തരം ബഞ്ചമിൻ ഗോത്രത്തിൽ ബാക്കിവന്നത് ഒളിച്ചിരുന്ന 600 പുരുഷന്മാർ മാത്രമാണ്. പിന്നീട് ഇസ്രായേൽ ബേത്തേലിൽ കർത്താവിന്റെ സന്നിധിയിൽ ഒന്നുചേർന്ന് തങ്ങളുടെ ഇടയിൽ നിന്ന് ഒരു ഗോത്രം വംശനാശത്തിന്റെ വക്കിലെത്തിയതിനെക്കുറിച്ചു പരിതപിച്ചു. പുരുഷന്മാർ മാത്രമുള്ള ഈ ഗോത്രം നിലനിർത്താനായി തങ്ങളോടു സഹകരിക്കാത്ത യാബേഷ് ഗിലയാദിലുള്ളവരെ മറ്റൊരു വിപ്ലവത്തിലൂടെ വധിക്കാനും അങ്ങനെ ഈ പുരുഷന്മാർക്കു കന്യകമാരെ കണ്ടെത്താനും അവർ തീരുമാനിച്ചു. അങ്ങനെ 400 കന്യകമാരെ അവർ പിടിച്ചെടുത്തു ബഞ്ചമിൻ പുരുഷന്മാർക്കു നല്കി. ഇസ്രായേലിലെ കന്യകമാർ ഷീലോയിൽ കർത്താവിന്റെ സന്നിധിയിൽ തിരുനാളിനു പോകുമ്പോൾ അവരിൽ നിന്ന് 200 പേരെ തട്ടിക്കൊണ്ടുപോയ്ക്കൊള്ളാൻ ശ്രേഷ്ഠന്മാർ ബാക്കിയുള്ള 200 പേർക്ക് അനുവാദം നല്കി; കാരണം, തങ്ങളുടെ ഗോത്രങ്ങളിൽനിന്നു ബഞ്ചമിനു കന്യകമാരെ നല്കുകയില്ലെന്ന് അവർ കർതൃസന്നിധിയിൽ പ്രതിജ്ഞ ചെയ്തിരുന്നു.

*വിവരണങ്ങളുടെ ദൈവശാസ്ത്രഘടന*

പന്ത്രണ്ടു ന്യായാധിപന്മാരുടെ ചരിത്രം വിവരിക്കുന്ന ഈ ഗ്രന്ഥം ഒരു പ്രത്യേകരീതിയിലാണ് അവ അവതരിപ്പിച്ചിരിക്കുന്നത്. ഒരേ രീതിയിൽ ആറു ഭാഗങ്ങളുള്ള വിവരണശൈലിയാണ് ഇവിടെ കാണപ്പെടുന്നത്.

1. അന്യദേവന്മാരുടെ പുറകേപോയ ഇസ്രായേൽ ഈ ദേവന്മാരെ ആരാധിക്കുകയും ദൈവപ്രമാണം ലംഘിച്ചു പാപം ചെയ്യുകയും ചെയ്തു.

2. തത്ഫലമായി ദൈവം അവരെ ശത്രുക്കൾക്ക് ഏൽപ്പിച്ചു കൊടുത്തു.

3. ശത്രുക്കളാൽ കഠിനമായി പീഡിപ്പിക്കപ്പെട്ടപ്പോൾ അവർ ദൈവത്തോടു കരഞ്ഞപേക്ഷിച്ചു.

4. അപ്പോൾ ജനത്തോട് അനുകമ്പ തോന്നിയ ദൈവം ശക്തനും ധീരനുമായ ഒരു ന്യായാധിപനെ അവർക്കായി ഉയർത്തി.

5. ആ ന്യായാധിപൻ ജനത്തിന്റെ ശത്രുക്കൾക്കെതിരേ യുദ്ധം ചെയ്തു.

6. അങ്ങനെ ആ ന്യായാധിപന്റെ ജീവിതാന്ത്യംവരെ അവിടെ സമാധാനം സ്ഥാപിക്കപ്പെട്ടു.

വി. ഗ്രന്ഥകാരനവതരിപ്പിക്കുന്ന ഈ രൂപരേഖയുടെ ഒരു മാതൃക ആദ്യ ന്യായാധിപനായ ഒത്ത് നിയേലിൽ കാണാം: "തങ്ങളുടെ ദൈവമായ കർത്താവിനെ മറന്ന് ബാൽദേവൻമാരെയും അഷേരാ പ്രതിഷ്ഠ കളെയും സേവിച്ചുകൊണ്ട് ഇസ്രായേൽ കർത്താവിൻറ മുൻപാകെ തിൻമ പ്രവർത്തിച്ചു. അതിനാൽ, കർത്താവിന്റെ കോപം ഇസ്രായേലിനെതിരേ ജ്വലിച്ചു. അവിടുന്ന് അവരെ മെസൊപ്പൊട്ടാമിയാ രാജാവായ കുഷാൻ റിഷാത്തായിമിന്റെ കൈകളിൽ ഏൽപിച്ചു. അവനെ അവർ എട്ടുവർഷം സേവിച്ചു. ഇസ്രായേൽ ജനം കർത്താവിനോടു നിലവിളിച്ചു. കാലെബിന്റെ ഇളയ സഹോദരനായ കെനാസിന്റെ പുത്രൻ ഒത്ത് നിയേലിനെ കർത്താവ് അവർക്കു വിമോചകനായി നിയമിക്കുകയും അവൻ അവരെ മോചിപ്പിക്കുകയും ചെയ്തു. കർത്താവിന്റെ ആത്മാവ് അവന്റെമേൽ വന്നു; അവൻ ഇസ്രായേലിൽ ന്യായവിധി നടത്തി. അവൻ യുദ്ധത്തിനു പുറപ്പെട്ടു; മെസൊപ്പൊട്ടാമിയാ രാജാവായ കുഷാൻ റിഷാത്തായിമിനെ കർത്താവ് അവന്റെ കൈയിൽ ഏൽപിച്ചുകൊടുത്തു. ഒനിയേൽ അവൻറമേൽ ആധിപത്യം സ്ഥാപിച്ചു. അങ്ങനെ, ദേശത്തു നാൽപതുവർഷം ശാന്തി നിലനിന്നു. അതിനുശേഷം കെനാസിന്റെ മകനായ ഒത്ത്നിയേൽ മരിച്ചു" (3:7-11). എന്താണ് ഈ രീതിയിലുള്ള വിവരണം കൊണ്ടർത്ഥമാക്കുന്നത് എന്നു ഗ്രന്ഥകാരൻ ആരംഭത്തിൽ പറഞ്ഞിട്ടുണ്ട് (2:10-23). ദൈവം ജനത്തോടും താനയയ്ക്കുന്ന ന്യായാധിപനോടും വിശ്വസ്തത കാണിക്കുന്നവനാണെന്നും എന്നാൽ ജനം ദൈവത്തിന്റെ കാരുണ്യം പെട്ടെന്നു മറക്കുകയും തങ്ങളുടെ

പിതാക്കന്മാരെക്കാൾ അധി കമായി അവിടുത്തെ ഉപേക്ഷിച്ചു നിരന്തരം അന്യദേവന്മാരുടെ പിന്നാലെ പോയിരുന്നുവെന്നും ഗ്രന്ഥകാരൻ വിവരിക്കുന്നു.

പരസ്പരം മത്സരിക്കുകയും വഴക്കിടുകയും എന്നാൽ തമ്മിൽ ഐക്യം കണ്ടെത്താൻ പരിശ്രമിക്കുകയും അതേസമയം തങ്ങൾക്കു വസിക്കാൻ കാനാൻ ദേശത്ത് ഇടമന്വേഷിക്കുകയും ചെയ്യുന്ന 12 ഗോത്രങ്ങളുടെ ചിത്രമാണു ന്യായാധിപന്മാരുടെ ഗ്രന്ഥത്തിൽ ചുരുളഴിയുന്നത്. അക്കാലത്തു ദേശത്തു രാജാവില്ലാതിരുന്നു എന്നു കാണിക്കാനാണു ഗ്രന്ഥകാരൻ ഈ കഥയെല്ലാം വിവരിക്കുന്നത്.

ജോഷ്വായുടെ ഗ്രന്ഥത്തിൽ ഉപരിപ്ലവമായി കാണുന്നതുപോലെ ഒരൊറ്റ യുദ്ധത്തിലൂടെയായിരുന്നില്ല. ഇസ്രായേൽ ദേശം സ്വന്തമാക്കിയതെന്നും ഇസ്രായേലിന്റെ ആരംഭകാലത്ത് ഗോത്രങ്ങൾ തമ്മിൽ ദൃഢമായ ബന്ധങ്ങൾ ഇല്ലായിരുന്നുവെന്നും ചില അവസരങ്ങളിൽ ഒന്നു മറ്റൊന്നിനെ ഇല്ലായ്മ ചെയ്യാൻ പരിശ്രമിച്ചിരുന്നുവെന്നും എന്നാൽ ഇവർ ഒരു സമൂഹമായിരുന്നുവെന്നുമുള്ള കാര്യങ്ങളാണു ന്യായാധിപന്മാരുടെ ഗ്രന്ഥം വിവരിക്കുന്നത്. ദേശത്തുള്ള ജനങ്ങളുമായും നാടോടികളുമായും ഏറ്റുമുട്ടേണ്ടിയിരുന്ന കാലവുമായിരുന്നു അത്. പലപ്പോഴും ഒരു ഗോത്രം മറ്റൊന്നിനെ സഹായിക്കാൻ സന്നദ്ധവുമായിരുന്നില്ല (5:23). അബിമേലെക്കിന്റെയും ബഞ്ചമിൻകാരുടെയും കഥകൾ കാണിക്കുന്നതുപോലെ പലപ്പോഴും ഗോത്രങ്ങൾ തമ്മിൽ തുറന്ന യുദ്ധങ്ങളും നടന്നിരുന്നു. ഇതിന്റെയെല്ലാം സംഗ്രഹമാണ് ഇടയ്ക്കിടെ ആവർത്തിക്കുന്ന വാക്യം: "അക്കാലത്ത് ഇസ്രായേലിൽ രാജാവില്ലായിരുന്നു. ഓരോരുത്തനും തനിക്കു യുക്തമെന്നു തോന്നിയതു ചെയ്തിരുന്നു" (21:25; 18:1; 19:1). ഇസ്രായേലിൽ രാജവാഴ്ച സ്ഥാപിക്കാനുള്ള ഒരു ന്യായീകരണമായി നാഥനില്ലാത്ത ഈ അവസ്ഥയെ ഗ്രന്ഥത്തിന്റെ ഈ ഭാഗത്ത് എഴുത്തുകാരൻ വിശദീകരിക്കുകയാണ്.

**പന്ത്രണ്ടു ഗോത്രങ്ങൾ**

ന്യായാധിപന്മാരുടെ ഗ്രന്ഥത്തിൽ കാണുന്ന ഗോത്രങ്ങളുടെ പെരുമാറ്റ രീതി ഇവയുടെ ആരംഭമെന്നായിരുന്നു എന്നതിനെക്കുറിച്ചു സംശയങ്ങൾ ഉണർത്തുന്നുണ്ട്. വചന പാരമ്പര്യമനുസരിച്ച് 12 ഗോത്രങ്ങളുടെ കൂട്ടായ്മയാണ് ഇസ്രായേൽ. ഉൽപത്തി ഗ്രന്ഥമനുസരിച്ചു യാക്കോബിന്റെ 12 മക്കളുടെ സന്താന പരമ്പരയാണ് ഗോത്രങ്ങൾ. എന്നാൽ, വി. ഗ്രന്ഥത്തിലെ പട്ടികകൾ നോക്കിയാൽ അവ തമ്മിൽ വ്യത്യാസങ്ങളുണ്ട്. പുറപ്പാടു ഗ്രന്ഥത്തിനുശേഷം ഈ ലിസ്റ്റുകളിൽ പൊതുവെ ജോസഫിന്റെ പേര് പ്രത്യക്ഷപ്പെടുന്നില്ലെന്നതാണ് ഒരു പ്രധാന പ്രത്യേകത. പകരമായി ജോസഫിന്റെ മക്കളായ എഫ്രായിമും മനാസ്സെയും അവിടെ സ്ഥാനം പിടിക്കും. ഒരു ഗോത്രത്തിന്റെ സ്ഥാനത്തു രണ്ടെണ്ണം ചേർക്കപ്പെടുമ്പോൾ എണ്ണം 12 നിലനിർത്താനായി ഒന്നുകിൽ ലേവിയെയോ അല്ലെങ്കിൽ ശിമയോനെയോ ഉപേക്ഷിക്കും. താഴെ വരുന്ന ലിസ്റ്റുകൾ കാണുക:

| ഉത്പ 49:1-27 | സംഖ്യ 1:5-15 | നിയ 33:1-29 |
|---|---|---|
| റൂബൻ | റൂബൻ | റൂബൻ |
| ശിമയോൻ | ശിമയോൻ | ———— |
| ലേവി | ———— | യൂദാ |
| യൂദാ | യൂദാ | ലേവി |
| സെബുലൂൻ | ഇസ്സാക്കർ | ബഞ്ചമിൻ |
| ഇസ്സാക്കർ | സെബുലൂൻ | ജോസഫ് |
| ദാൻ | എഫ്രായിം | എഫ്രായിം |
| ഗാദ് | മനാസ്സെ | മനാസ്സെ |
| ആഷേർ | ബഞ്ചമിൻ | സെബുലൂൻ |
| നഫ്ത്താലി | ദാൻ | ഇസ്സാക്കർ |
| ജോസഫ് | ആഷേർ | ഗാദ് |
| ബഞ്ചമിൻ | ഗാദ് | ദാൻ |
| | നഫ്ത്താലി | നഫ്ത്താലി |
| | | ആഷേർ |

ഉത്പ 29-30 വിവരണമനുസരിച്ച് ഈ 12 മക്കൾ യാക്കോബിനു നാലു സ്ത്രീകളിലായി ജനിച്ചവരാണ്. യാക്കോബിന്റെ ആദ്യ ഭാര്യ ലയയുടെ മക്കളാണു റൂബൻ, ശിമയോൻ, ലേവി, യൂദാ, ഇസ്സാക്കാർ സെബുലൂൻ എന്നിവർ. ലയയുടെ ദാസിയായ സിൽഫായുടെ മക്കളാണു ഗാദും ആറും. യാക്കോബിന്റെ രണ്ടാമത്തെ ഭാര്യയായ റാഹേലിന്റെ മക്കളാണു ജോസഫും ബഞ്ചമിനും. റാഹേലിന്റെ ദാസിയായ ബിൽഹായുടെ മക്കളാണു ദാനും നഫ്താലിയും. വാസ്തവത്തിൽ ഇവയെല്ലാം മധ്യപൂർവ്വദേശത്തെ സാധാരണ പേരുകളാണ്. മധ്യപൂർവ്വദേശത്തെ ചിന്തയനുസരിച്ചു മക്കൾ എന്നാൽ സമന്മാർ എന്നും അർത്ഥമുണ്ട്. അതായത്, അവർ സമന്മാരായ സഹോദരന്മാരാണ്. സഹോദരന്മാരെന്നുള്ളത് അക്കാലത്ത് സംഘം (സഹകരണ സംഘം) എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരുന്നിരിക്കണം. യാക്കോബും ഏസാവും ഒരേ പിതാവിന്റെ മക്കളായി സഹോദരന്മാ രായി കരുതപ്പെട്ടിരുന്നു. അതുപോലെ തന്നെ ഇസഹാക്കും ഇസ്മായേലും: കിഴക്കുഭാഗത്തുള്ള അറബു ജനങ്ങളുമായി

ഇസ്രായേലിനുണ്ടായിരുന്ന ബന്ധമാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്. യാക്കോബും ലാബാനും ചാർച്ചക്കാരായിരുന്നുവെന്നതും (ഉൽപ 30-31) ഈ അർത്ഥത്തിൽത്തന്നെയായിരിക്കണം (ഇസ്രായേലും മെസൊപ്പൊട്ടേമിയായും). രണ്ടു ഭാര്യമാരുടെയും രണ്ടു ദാസിമാരുടെയും മക്കളെന്ന തിരിവ് 12 പേരുടെ സംഘം രൂപീകൃതമാകുന്നതിനു മുമ്പുള്ള ചെറിയ സംഘങ്ങളുടെ ആവിർഭാവമായിരിക്കാമെന്നു പണ്ഡിതന്മാർ കരുതുന്നു. പല പ്രദേശങ്ങളിലെ പരീക്ഷണങ്ങൾക്കുശേഷമായിരുന്നിരിക്കണം 12 ഗോത്രങ്ങളുടെ ഐക്യം സഫലമായത്. ജോസഫിന്റെ സ്ഥാനത്ത് (ഉൽപ 47) എഫ്രായിം, മനാസ്സെ എന്നിവ കൂട്ടായ്മയിലേയ്ക്കു ന്നുവന്നത് ഈ ഗോത്രങ്ങൾ വളരെ ശക്തരായിത്തീർന്ന കാലത്തായിരിക്കണം. അവ പിന്നീടു സംഘത്തിൽ ചേർന്നവരായിരിക്കാം. ശിമയാൻ, ജോസഫ് എന്നിവ ഇല്ലാതാകുന്നതിന്റെ കാരണം ആ പട്ടികയുണ്ടായ കാലത്ത് ഈ ഗോത്രങ്ങൾ അപ്രത്യക്ഷമായതിനാലാകാം. ലേവിഗോത്രം ഇസ്രായേലിൽ പുരോഹിതഗോത്രമായി രൂപാ ന്തരപ്പെട്ടതിന്റെ ഫലമായിട്ടായിരിക്കാം അതു മാറ്റി നിർത്തപ്പെട്ടത്. പലതായിരുന്നെങ്കിലും ന്യായാധിപന്മാരുടെ കാലഘട്ടത്തിനവസാനം ഗോത്രങ്ങൾ ഒരു സഖ്യമായിത്തീർന്നതിന്റെ ചരിത്രമാണു യാക്കോബിന്റെയും മക്കളുടെയും പുരാണകഥയിലൂടെ വി. ഗ്രന്ഥകാരൻ അവതരിപ്പിച്ചത്. ഇത്തരത്തിലുള്ള ഒരു അനുമാനത്തെ ശരിവയ്ക്കുന്നതാണു ജോഷ്വായുടെ ഗ്രന്ഥത്തിനവസാനം സംഭവിക്കുന്ന ഉടമ്പടിയുടെ വിവരണം. ജോഷ്വാ ഉടമ്പടി ചെയ്യിച്ച ഗോത്രങ്ങൾക്ക് ഇസ്രായേലിന്റെ ദൈവമായ കർത്താവിനെക്കുറിച്ചു കാര്യമായ ധാരണകളുണ്ടായിരുന്നെന്നു തോന്നുന്നില്ല (ജോഷ്വാ 24:14-24). മറ്റൊരുദാഹരണം: ന്യായാധിപന്മാരുടെയും രാജാക്കന്മാരുടെയും കാലത്ത് ഇസ്രായേൽ പെസഹാ ആചരിച്ചിരുന്നില്ല എന്നാണ് അവസാന കാലഘട്ടത്തിലെ ജോസിയ രാജാവു പറഞ്ഞത് (2രാജാ 23:22-23).

ജോഷ്വായുടെ ഗ്രന്ഥത്തിൽ കാണുന്നതുപോലെ, പല ഗ്രൂപ്പുകൾ ജോഷ്വയുടെ ഉടമ്പടിയിലൂടെ ഒന്നായിത്തീർന്നു ജന്മമെടുത്തതാണു ചരിത്രപരമായ ഇസ്രായേൽ എന്നാണു പല പണ്ഡിതന്മാരും കരു തുന്നത്. വ്യത്യസ്തരായ ഈ ഗോത്രങ്ങൾക്ക് അവരുടെ പിതാക്കന്മാരെക്കുറിച്ചുള്ള പാരമ്പര്യങ്ങൾ ഉണ്ടായിരുന്നു. പിന്നീടു വന്ന ഉൽപത്തി ഗ്രന്ഥകാരൻ അവരെ പിതാവ് (അബ്രാഹം) - പുത്രൻ (ഇസഹാക്ക്) - പൗത്രൻ (യാക്കോബ്) എന്നിങ്ങനെ വംശാവലി തയ്യാറാക്കി യോജിപ്പിച്ചതായിരിക്കണം. കാരണം ചില വചനങ്ങളനുസരിച്ച് അബ്രാഹമാണ് ഇസ്രായേലിന്റെ പിതാവ്; മറ്റു ചിലവയനുസരിച്ച് യാക്കോബും. അബ്രാഹത്തിന്റെ ജീവിതത്തിൽ സംഭവിച്ചവതന്നെ ഇസഹാക്കിന്റെ ജീവിതത്തിലും സംഭവിക്കുന്നതു കാണാം.

**ഗോത്രങ്ങളുടെ കൂട്ടായ്മ**

പിൽക്കാലത്തു ഗ്രീക്കു പട്ടണങ്ങളിൽ (cy tate) നിലവിലുണ്ടായിരുന്ന രാജ്യസഖ്യത്തിനു സമാനമായ ഏതോ ഒരു സഖ്യമായിരുന്നിരിക്കണം ആരംഭകാലത്ത് ഇസ്രായേലിലും നിലവിലിരുന്നതെന്നാണു പല പണ്ഡിതന്മാരും കരുതുന്നത്. കർത്താവിലുള്ള വിശ്വാസമായിരുന്നു ഈ ഗോത്രങ്ങളെ ഒരുമിച്ചു ചേർത്ത പ്രധാന ഘടകം. ഓരോ പട്ടണത്തിലെയും പ്രതിനിധികൾ വർഷത്തിലൊരിക്കൽ പ്രധാനപ്പെട്ട ഒരു ക്ഷേത്രത്തിൽ വരികയും ആ ദേവനോടും മറ്റു പട്ടണങ്ങളോടുമുള്ള ബന്ധം പുതുക്കുകയും ചെയ്യുന്ന രീതിയാണു ഗ്രീക്കു പട്ടണങ്ങളിലുണ്ടായിരുന്നത്. ഈ അവസരത്തിൽ അവർക്കിടയിലുള്ള തർക്കങ്ങളും പരിഹരിക്കപ്പെടാറുണ്ടായിരുന്നു. ഗ്രീക്കിൽ ആംഫിക്റ്റി യോണി (adphicy) എന്നറിയപ്പെടുന്ന ഈ സഖ്യത്തിനു സമാനമായതെന്തെങ്കിലും ഇസ്രായേലിലുണ്ടായിരുന്നോ എന്നതിനു ബൈബിളിൽ തെളിവു കളൊന്നുമില്ലെന്നതു ശ്രദ്ധേയമാണ്. കാരണം, ന്യായാധിപന്മാരുടെ ഗ്രന്ഥമനുസരിച്ചു പല ഗോത്രങ്ങളും പരസ്പരം സഹായിച്ചിരുന്നില്ല. എന്നാൽ, യാഹ്‌വെയിലുള്ള വിശ്വാസം ഇവരെ മറ്റു കാനാന്യരിൽ നിന്നു വ്യത്യസ്തരാക്കിയിരുന്നു; കർത്താവിനെ ആരാധിക്കുന്നതിനായി അവർക്ക് ഒരു പ്രത്യേക ആരാധനാ സ്ഥലമുണ്ടായിരുന്നു. അവിടെയാണു സാക്ഷ്യ പേടകമുണ്ടായിരുന്നത്. ആദ്യം ഷെക്കെമിലും (ജോഷ്വാ 23-24) പിന്നെ ഷീലോയിലും (1സാമു 14).

**കാനാൻ ദേശവും ഇസ്രായേലും**

സിറിയാക്കാരനായ നാമാനെ ഏലീഷാ പ്രവാചകൻ കർത്താവിന്റെ നാമത്തിൽ കുഷ്ഠവിമുക്തനാക്കിക്കഴിഞ്ഞപ്പോൾ ഇസ്രായേലിൽ നിന്നു കുറച്ചു മണ്ണു കൊണ്ടുപോകാൻ നാമാൻ ഏലീഷായോട് അനുവാദം ചോദിച്ചു (2രാജാ 5). കാരണം, പഴയകാല വിശ്വാസമനുസരിച്ച് ഓരോ രാജ്യത്തിനും അവകാശിയായി സ്വർഗ്ഗത്തിൽ ഒരു ദേവനുണ്ട് (നിയ 32:8-8). ആ ദേവന്റെ മണ്ണിലിരുന്നു പ്രാർഥിച്ചാൽ മാത്രമേ ആ ദേവൻ കേൾക്കുകയുള്ളൂ. ഹെസക്കിയാ രാജാവിന്റെ കാലത്ത് അസ്സീറിയൻ ചക്രവർത്തിയുടെ സൈന്യാധിപനായ റെബ്ഷക്കെ ജറുസലെമിനെ ഉപരോധിച്ചു വെല്ലുവിളിച്ചപ്പോൾ അയാൾ പറഞ്ഞതു യൂദാ രാജാവു ദേശം കൈകാര്യം ചെയ്യുന്ന രീതി അവരുടെ ദൈവമായ കർത്താവിനു അനിഷ്ടകരമായതിനാൽ ദേശം ഒരു കൊള്ളമുതൽ പോലെ കർത്താവ് അസ്സീറിയൻ ചക്രവർത്തിക്കു കൈമാറിയെന്നാണ് (2രാജാ 18). ബാബിലോണിൽ വിപ്രവാസത്തിലായ ജനം വിലപിച്ചത് "അന്യദേശത്തുവച്ചു ഞങ്ങൾ കർത്താവിന്റെ ഗാനങ്ങൾ പാടുന്നതെങ്ങനെ" എന്നാണ് (സങ്കീ 137:4). അതായത്, അപ്പോൾ കർത്താവു കേൾക്കുകയില്ലല്ലോ എന്നർത്ഥം.

വാഗ്ദാനദേശം കർത്താവിന്റെ ദാനമായാണ് ഇസ്രായേൽ മനസ്സിലാക്കിയിരുന്നത്. ജോഷ്വായുടെ നേതൃത്വത്തിലുള്ള സ്വന്തമാക്കലിനു മുമ്പു പിതാക്കന്മാർ വാഗ്ദത്തദേശത്തു പരദേശികളെപ്പോലെയാണു വസിച്ചിരുന്നത്. ദേശം അവർക്കുള്ള വാഗ്ദാനമായിരുന്നു (ഉൽപ 15). പുറപ്പാടിന്റെ അന്ത്യത്തിൽ ജനം വാഗ്ദത്തദേശത്തിന്റെ അതിർത്തിയിലെത്തിയപ്പോൾ ദേശത്തിന്റെ പ്രത്യേകതയെന്താണെന്നു മോശ അവരെ അനുസ്മരിപ്പിച്ചു. ദേശം വിശുദ്ധവും അനുഗ്രഹീതവും ഫല പുഷ്ടവുമായ ദൈവദാനമാണ്. എന്നാൽ ഈ ദേശംതന്നെ കർത്താവിനെ ഉപേക്ഷിക്കാനും ഫലപുഷ്ടിയുടെയും ശക്തിയുടെയും ദേവനായി ദേശത്ത് അറിയപ്പെടുന്ന ബാലിനെ ആരാധിക്കാനുമായി അവർ പരീക്ഷിക്കപ്പെടാനുള്ള കാരണവുമാകാം. കർത്താവിനോടു വിധേയമായി പരിശുദ്ധമായി കൈകാര്യം ചെയ്യേണ്ട ഒരു കാര്യസ്ഥജോലിയാണു ദേശത്തിന്റെ അവകാശം. അത് ഉടമ്പടിയുടെ ദേശമാകയാൽ ഉടമ്പടി നിയമങ്ങളോടുള്ള അനുസരണവും ദേശത്തിന്മേലുള്ള അവകാശവും ഒന്നു ചേർന്നാണു നിലനില്ക്കുക. സാബത്തു വിശ്രമം, പാവപ്പെട്ടവരുടെ സംരക്ഷണം, വിധവകളുടെയും

പരദേശികളുടെയും സംരക്ഷണം, നിയമാവർത്തനം 12-26 ലെ നിയമങ്ങളുടെ പൂർണമായ അനുസരണം എന്നിവയെല്ലാം ദേശത്തിന്മേലുള്ള അവകാശത്തോടൊപ്പം അവരിലേക്കു വന്നുചേരുന്ന ഉത്തരവാദിത്വങ്ങളാണെന്നു മോശ പറഞ്ഞു.

എന്നാൽ ദേശത്തു പ്രവേശിച്ച നിമിഷം മുതൽ ജനം ദേശദാതാവായ കർത്താവിനെ അവഗണിക്കുകയും അവിടുത്തെ ഒറ്റിക്കൊടുക്കുകയും ചെയ്തു. ന്യായാധിപന്മാരുടെ കാലത്തു ദേശത്തുള്ള ഉത്തര വാദിത്വങ്ങൾ മറന്നു ഗോത്രങ്ങൾ പരസ്പരം തകർക്കാൻ ശ്രമിച്ചുവെന്നു നിയമാവർത്തന ഗ്രന്ഥകാരന്മാർ അനുസ്മരിച്ചു. അക്കാലത്തെ ശോഭയില്ലാത്ത ദേശചരിത്രമാണ് "അക്കാലത്ത് ഇസ്രായേലിൽ രാജാവില്ലായിരുന്നു..." എന്ന് ആവർത്തിക്കപ്പെടുന്ന വചനം (ന്യായാ 21:25).

രാജഭരണമാരംഭിച്ചു കഴിഞ്ഞപ്പോഴും മനോഭാവങ്ങൾക്കു മാറ്റം വന്നില്ലെന്നു രാജാക്കന്മാരുടെ ഗ്രന്ഥത്തിൽ നിയമാവർത്തന ഗ്രന്ഥകാരനും പ്രവാചക ഗ്രന്ഥങ്ങളിൽ അതിന്റെ ഗ്രന്ഥകർത്താക്കളും അനുസ്മരിക്കുന്നുണ്ട്. മറ്റൊരു നവീകരണം നടക്കണമെങ്കിൽ ഇസ്രായേലിനു ദേശം നഷ്ടമാവുകയും അവർ വിപ്രവാസത്തിൽ പോവുകയും ചെയ്യണമെന്നു പ്രവാചകന്മാർ പ്രഘോഷിച്ചു തുടങ്ങി. ജനം വിശുദ്ധമായ ഒരു സമൂഹമായിത്തീരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവർ സംസാരിച്ചു. ദേശത്തിന്റെ പുനഃസ്ഥാപനമല്ല ജനത്തിന്റെ വിശുദ്ധീകരണമാണാവശ്യം. അതു കൊണ്ടുതന്നെ വിപ്രവാസകാലത്തു വിരചിതമായ ഗ്രന്ഥങ്ങൾ (ബി.സി. 587-539) വിദൂരഭാവിയിൽ സംഭവിക്കാനിരിക്കുന്ന ദേശത്തിന്റെ പുനഃസ്ഥാപനത്തെക്കാൾ ദൈവിക നിയമത്തിനും ഉടമ്പടിയുടെ ജനമെന്ന നിലയിലുള്ള സമൂഹത്തിനും കൂടുതൽ പ്രാധാന്യം നല്കി.

വാഗ്ദത്തദേശത്തു ജനത്തിനുണ്ടായ പരാജയം വിപ്രവാസകാലത്തെ ദൈവശാസ്ത്രജ്ഞന്മാരെ പാരമ്പര്യത്തിൽ നിന്നു മാറ്റി ചിന്തിപ്പിച്ചു. കർത്താവിനോടുള്ള ഭക്തിയും അവിടുത്തോടുള്ള ബന്ധത്തിൽ നിന്നുളവാകുന്ന നിയമത്തോടുള്ള ഉത്തരവാദിത്വവുമാണു കൂടുതൽ പ്രധാനപ്പെട്ടതെന്നവർ പഠിച്ചു. ഇതാണു ജനത്തെ നയിക്കാനുള്ള വഴി കാട്ടിയായി നിയമഗ്രന്ഥം പഞ്ചഗ്രന്ഥം (അതിന്റെ ആദ്യ പതിപ്പ് അല്ലെങ്കിൽ അതിന്റെ നിയമാവർത്തന പതിപ്പ്) എഴുതപ്പെടാൻ കാരണമായത്. പിന്നീട് അതിനോടു പ്രവാചക ഗ്രന്ഥങ്ങളും മറ്റു ഗ്രന്ഥ ങ്ങളും ചേർത്ത് അവർ വായിച്ചു തുടങ്ങി. അങ്ങനെ അനിശ്ചിതമായ ദേശത്തെക്കാൾ സുനിശ്ചിതമായ നിയമം ഇസ്രായേലിന്റെ ഏറ്റവും പ്രധാന അവകാശമായി മാറി (inheiance). അവർ വാഗ്ദത്ത ദേശത്തിന്റെ ജനം എന്നതിനെക്കാൾ വി. ഗ്രന്ഥത്തിന്റെ ജനമായിത്തീർന്നു. എങ്കിലും അപ്പോഴും നിയമവും ദേശവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ചിന്തകൾ ജനഹൃദയങ്ങളിലുണ്ടായിരുന്നു. വിപ്രവാസശേഷവും ദേശം ഇസ്രായേലിനു പുനഃസ്ഥാപിച്ചു കിട്ടുമെന്ന ശക്തമായ പ്രത്യാശ നിലനിന്നിരുന്നു. സ്വന്തമായ ദേശത്തോടുകൂടിയ സ്വതന്ത്രമായ ഒരു ഇസ്രായേൽ രാജ്യമെന്ന അവരുടെ പ്രത്യാശ രണ്ടുവിഭാഗത്തിൽപ്പെടുത്താവുന്ന വ്യതിരിക്തങ്ങളായ മെസയാനിക്ക് (മിശിഹാ) ചിന്തകളിലേക്ക് അവരെ നയിച്ചു.

1. ദാവീദിനെപ്പോലെ ഒരു രാജ്യം സ്ഥാപിക്കുന്ന ഒരു രാഷ്ട്രീയ മിശിഹാ രാജാവ് ഒരിക്കൽ വന്നെത്തുമെന്ന് ഒരു കൂട്ടർ പ്രതീക്ഷിച്ചു. അദ്ദേഹം മറ്റു രാജ്യങ്ങളെ തകർത്തുകളയും (രാഷ്ട്രീയ മിശിഹാ).

2. ഈ യുഗം അവസാനിക്കുമെന്നും അതെത്തുടർന്ന് ഇസ്രായേൽ ശ്രേഷ്ഠസ്ഥാനത്തു നില്ക്കുന്ന ഒരു പുതിയ ലോകം ദൈവം സൃഷ്ടിക്കുമെന്നുമുള്ള വെളിപാടാണു മിശിഹാ.

പഞ്ചഗ്രന്ഥ വിവരണം അവസാനിക്കുമ്പോഴും ജനം ദേശം കരസ്ഥമാക്കിയിട്ടില്ലന്നതു വ്യക്തം. അതായത്, വിപ്രവാസകാലത്തും അതിനു ശേഷവുമായി രൂപീകൃതമായ നിയമഗ്രന്ഥമനുസരിച്ച് ദേശമില്ലാതെ തന്നെ നിയമം അനുസരിക്കപ്പെടേണ്ടതാണ്. ദേശമില്ലാതെതന്നെ നിയമം വിലയുള്ളതാകയാലാണ് പാരമ്പര്യം പഞ്ചഗ്രന്ഥത്തെയും ദേശം സ്വന്തമായിരുന്ന കാലത്തെ ചരിത്രമുള്ള മറ്റു ഗ്രന്ഥങ്ങളെയും തമ്മിൽ വേർതിരിച്ച് നിയമം ആദ്യം നല്കിയിരിക്കുന്നത്. നിയമം അതിൽ തന്നെ വിലയുള്ളതാകാൻ ദേശത്തിന്മേലുള്ള അവകാശം അനിവാര്യമല്ലെന്നു സാരം.